VOL NO: 08 | ISSUE 07
2024 FEBRUARY 17 | ₹10

# നേർപഥം

വാരിക
www.nerpatham.com | mail@nerpatham.com



1924ൽ സ്ഥാപിതമായ കേരളത്തിലെ ആദ്യത്തെ പണ്ഡിതസഭയിൽ നിന്നും വിഘടിച്ച് പുറത്തുപോയി സംഘടന രൂപീകരിച്ചവർ ഇന്ന് നൂറാം വാർഷികമാഘോഷിക്കുന്ന തിരക്കിലാണ്. നവോത്ഥാനത്തിന്റെ പിതൃത്വമവകാശപ്പെടുന്നതിലല്ല, അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അട്ടിപ്പേറുകൾക്ക് അടയിരിക്കുന്നതിലാണ് സമുദായം എന്നും സമസ്തയോട് കലഹിച്ചിട്ടുള്ളത്.

## സമസ്തയുടെ നൂറാം ആണ്ടും തീരാത്ത പാരമ്പര്യാവകാശ തർക്കങ്ങളും

**മൂല്യനിരാസത്തിലേക്കു നീങ്ങുന്ന പുതുതലമുറ**

|| ബിദ്അത്തുകളെല്ലാം വഴികേടു തന്നെ!

|| അഭിപ്രായഭിന്നതകളുടെ പേരിൽ മാറിനിൽക്കുകയോ?

|| പുനഃസംഗമങ്ങളിലെ ക്രിയാത്മകതയും അധാർമികതയും




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate**
ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ
നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി
നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0369
നേർപഥം
വാരിക


2024 ഫെബ്രുവരി 17
1445 ശഅ്ബാൻ 07
പുസ്തകം 08 / ലക്കം 07

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Psrint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**



കവർ സ്റ്റോറി
10
സമസ്തയുടെ നൂറാം ആണ്ടും തീരാത്ത പാരമ്പര്യാവകാശ തർക്കങ്ങളും
മൂസ സ്വലാഹി കാര

1924ൽ സ്ഥാപിതമായ കേരളത്തിലെ ആദ്യത്തെ പണ്ഡിതസഭയിൽ നിന്നും വിഘടിച്ച് പുറത്തുപോയി സംഘടന രൂപീകരിച്ചവർ ഇന്ന് നൂറാം വാർഷികമാഘോഷിക്കുന്ന തിരക്കിലാണ്. നവോത്ഥാനത്തിന്റെ പിതൃത്വമവകാശപ്പെടുന്നതിലല്ല, അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അട്ടിപ്പേറുകൾക്ക് അടയിരിക്കുന്നതിലാണ് സമുദായം എന്നും സമസ്തയോട് കലഹിച്ചിട്ടുള്ളത്.

05 മുഖമൊഴി
മൂല്യനിരാസത്തിലേക്കു നീങ്ങുന്ന പുതുതലമുറ; ആരാണ് ഉത്തരവാദികൾ?

06 കർമപഥം
കടം കൊടുക്കലും പണയവും
വിവ. അബ്ദുൽ ജബ്ബാർ മദീനി

09 ഹദീസ് പാഠം
ദിക്റിന്റെ മഹത്ത്വങ്ങൾ
ഉസ്മാൻ പാലക്കാഴി

18 ലേഖനം
ബിദ്അത്തുകളെല്ലാം വഴികേടു തന്നെ
ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

22 ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ:സ്വാദ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

24 കാഴ്ച
പുനഃസംഗമങ്ങളിലെ ക്രിയാത്മകതയും അധാർമികതയും
അൻവർ കണ്ണീരി, അമ്മിനിക്കാട്

26 ലേഖനം
അനിവാര്യമായ ഒരു അസ്തിത്വം
ശാഹുൽ പാലക്കാട്

31 ലേഖനം
അഭിപ്രായഭിന്നതകളുടെ പേരിൽ മാറിനിൽക്കുകയോ?
സിയാദ് അൽഹികമി

32 ലേഖനം
പടച്ചവൻ ഖാദിയാനിലോ?
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

34 കവിത
നിറമില്ലാത്തവൻ!
നാസർ അടുമാറി ഐക്കരപ്പടി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



### വംശീയതക്കും ഫാസിസത്തിനുമെതിരെ ചെറുത്തുനിൽപ് ശക്തമാക്കുക

# വിസ്ഡം യൂത്ത് കോൺഫറൻസിന് മലപ്പുറത്ത് ഉജ്ജ്വല സമാപനം

മലപ്പുറം: കേരളത്തിന്റെ മുക്കുമൂലകളിൽനിന്നും യുവജനങ്ങൾ ഒഴുകിയെത്തിയതു കണ്ട് മലപ്പുറത്തുകാർ വിസ്മയംകൊണ്ട ദിവസമായിരുന്നു ഫെബ്രുവരി 11 ഞായർ. ഇത്രയും ആസൂത്രിതമായി, സാങ്കേതികവിദ്യകളെ പരമാവധി ഉപയോഗപ്പെടുത്തി, പൊലീസുകാരുടെ ജോലി വർധിപ്പിക്കാതെ, യാത്രക്കാരുടെ സഞ്ചാരത്തിന് വിഘ്നം വരുത്താതെ, ഒരു ചെറിയ അലോസരം പോലുമുണ്ടാക്കാതെ ഒരു യുവജന മഹാസമ്മേളനം മലപ്പുറത്തിന്റെ മണ്ണിൽ ആദ്യമാണ് എന്നതുതന്നെ കാരണം. മാസങ്ങൾ നീണ്ട വ്യത്യസ്തങ്ങളായ പ്രബോധന പ്രവർത്തനങ്ങളിലൂടെ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നതിന്റെ സദ്ഫലമാണ് സമ്മേളനത്തിനെത്തിയ യുവതയുടെ വർധിച്ച പങ്കാളിത്തമെന്നതിൽ സംശയമില്ല.

വംശീയതക്കും ഫാസിസത്തിനുമെതിരെയുള്ള ചെറുത്തുനിൽപ് ശക്തമാക്കണമെന്ന ആഹ്വാനത്തോടെയാണ് 'യുവത്വം നിർവചിക്കപ്പെടുന്നു' എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംഘടിപ്പിച്ച കേരള യൂത്ത് കോൺഫറൻസ് സമാപിച്ചത്.

കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി യുവജന കൂട്ടായ്മകളെ ശക്തിപ്പെടുത്തിയാലേ ഇന്ത്യയുടെ മതനിരപേക്ഷ മുല്യങ്ങൾ തിരിച്ചുപിടിക്കാൻ കഴിയുകയുള്ളൂവെന്ന് കോൺഫറൻസ് അഭിപ്രായപ്പെട്ടു. വിശ്വാസവും ആചാരവും പൗരന്റെ സ്വാതന്ത്ര്യമായി കാണണം. ജനങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കലാണ് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമെന്ന് കരുതുന്ന ഭരണകൂടത്തിന്റെ അഭാവമാണ് രാജ്യം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.



വിഭാഗീയതക്കും അക്രമങ്ങൾക്കും വഴിമരുന്നിടുന്നതിൽനിന്നും ഭരണകൂടം പിന്തിരിയണം. സ്വതന്ത്ര നീതിന്യായവ്യവസ്ഥയോട് പൗരന്മാർക്കുള്ള ആദരവ് നഷ്ടപ്പെടുത്തുന്ന വിധമുള്ള ഭരണകൂട ഇടപെടലുകൾ അവസാനിപ്പിക്കണം. ബാബരി മസ്ജിദിനുശേഷം ഗ്യാൻവാപി അടക്കമുള്ള മുസ്‌ലിം പള്ളികളിൽ ഫാസിസ്റ്റുകൾ അവകാശവാദം ഉന്നയിക്കുന്നത് രാജ്യത്തിന്റെ സമാധാനാന്തരീക്ഷം തകർക്കുമെന്നും ഇത് രാജ്യത്ത് അസ്ഥിരത സൃഷ്ടിക്കുമെന്നും കോൺഫറൻസ് വിലയിരുത്തി. സമാപന സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി യു. മുഹമ്മദ് മദനി അധ്യക്ഷനായി. ഹാരിസ് കായക്കൊടി ആമുഖഭാഷണം നടത്തി. പി. ഉബൈദുല്ല എം.എൽ.എ, പി.കെ. ഫിറോസ്, രാഹുൽ മാങ്കൂട്ടത്തിൽ, വസീഫ് എന്നിവർ അതിഥികളായി.

ടി.കെ അഷ്റഫ്, കെ. താജുദ്ദീൻ സ്വലാഹി, ശംജാസ് കെ. അബ്ബാസ്, ഡോ.അബ്ദുല്ല ബാസിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. ഡോ.പി.പി നസീഫ് പ്രമേയാവതരണം നടത്തി. ഹുസൈൻ സലഫി മുഖ്യപ്രഭാഷണം നടത്തി. ടി.കെ.നിഷാദ് സലഫി, അർശദ് അൽഹികമി താനൂർ, ഷമീൽ ടി. മഞ്ചേരി, ഹാരിസ് കായക്കൊടി, അൻഫസ് മുക്റം, ജംഷീർ സ്വലാഹി, ഡോ. ടി.സി.മുഹമ്മദ് മുബശ്ശിർ, സമീർ മുണ്ടേരി, ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ, ഡോ. ഷഹബാസ് കെ. അബ്ബാസ്, സഫീർ അൽഹികമി, കെ. അബ്ദുൽ ഗഫൂർ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ഫലസ്തീൻ ജനതയുടെ ജൻമനാടിനു വേണ്ടിയുള്ള പോരാട്ടത്തിന് യൂത്ത് കോൺഫറൻസ് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

# മൂല്യനിരാസത്തിലേക്കു നീങ്ങുന്ന പുതുതലമുറ; ആരാണ് ഉത്തരവാദികൾ?

"പീഡനങ്ങളുടെയും ചൂഷണങ്ങളുടെയും മറ്റും ഫലമായി അഭയകേന്ദ്രങ്ങളിലെത്തിപ്പെടുന്ന പെൺകുട്ടികളുമായി സംസാരിക്കാൻ ഇടയായിട്ടുണ്ട്. തങ്ങൾക്കു സംഭവിച്ച വീഴ്ചകളെ വീഴ്ചകളായി കാണാൻപോലും അവർക്കു കഴിയുന്നില്ല. ജീവിതം ആസ്വദിക്കാനുള്ളതാണെന്ന മനോഭാവം പലർക്കുമുണ്ട്. മൂല്യബോധത്തിലെ ഈ അപചയത്തിന് ഒരു കാരണം, സമൂഹത്തിൽ മാതൃകകൾ ഇല്ലാതായിരിക്കുന്നതാണെന്ന് എനിക്കു തോന്നുന്നു. അധ്യാപകരിലും മാതാപിതാക്കളിലുമൊന്നും മാതൃകകൾ കണ്ടെത്താൻ അവർക്കു സാധിക്കുന്നില്ല. ഉദാഹരണത്തിന്, കൈക്കൂലി വാങ്ങുന്ന സർക്കാരുദ്യോഗസ്ഥരുടെ മക്കൾ. ഇന്നത്തെ അണുകുടുംബങ്ങളിൽ ഇതൊന്നും കുട്ടികൾ അറിയാതിരിക്കില്ല. ഈ മാതാപിതാക്കൾ മക്കൾക്ക് എന്തു മാതൃകയാണു നൽകുന്നത്? ആദർശമൊക്കെ പറയാനുള്ളതാണ്, പ്രവർത്തിക്കാനുള്ളതല്ല എന്ന തോന്നലോടെയാണ് ഈ കുട്ടികളൊക്കെ വളർന്നുവരിക." ഒരു റിട്ടയേഡ് ഐഎഎസ് ഉദ്യാഗസ്ഥയുടെ വാക്കുകളാണിത്.

'ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയിൽ മൂല്യബോധനത്തിനു വലിയ പ്രാധാന്യം കാണുന്നില്ല. ഇതു കുട്ടികൾ വഴിതെറ്റുന്നതിന് ഒരു കാരണമാണ്' എന്നും അവർ തുടർന്നു പറയുന്നുണ്ട്. വളർന്നുവരുന്ന തലമുറയുടെ തെറ്റായ സഞ്ചാരം കാണുന്ന, അതിൽ വിഷമം തോന്നുന്ന എല്ലാവരും ഈ അഭിപ്രായമുള്ളവർതന്നെയാണ്. എന്നാൽ മാനവിക മൂല്യങ്ങളെ പഴഞ്ചനായി മുദ്രകുത്തുകയും മൂല്യനിരാസത്തിലേക്ക് പുതുതലമുറയെ തെളിച്ചുകൊണ്ടുപോകുകയും ചെയ്യുന്നത് ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവരും അധികാരത്തിന്റെ ചെങ്കോൽ കൈയിലുള്ളവരുമാകുമ്പോൾ എങ്ങനെ മാറ്റമുണ്ടാകാനാണ്?

മനുഷ്യപ്രകൃതി നന്മയും തിന്മയും ചെയ്യുവാനുള്ള ചോദനകളുള്ളതാണ്. ഭൗതിക വളർച്ചക്കും പുരോഗതിക്കും പരമാവധി സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന മനുഷ്യമനസ്സിന്റെ ആത്മനിയന്ത്രണത്തിനും വിവേകപൂർണമായ തെരഞ്ഞെടുപ്പിനും പ്രേരിപ്പിക്കുന്നത് അവനിലെ ധാർമികബോധമാണ്. വ്യക്തി, കുടുംബം സമൂഹം എന്നിവയുടെയെല്ലാം ഗുണപരമായ വളർച്ചക്ക് ഇത് അനിവാര്യവുമാണ്. അല്ലാഹു പറയുന്നു: "മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ് സത്യം. എന്നിട്ട് അതിന്ന് അതിന്റെ ദുഷ്ടതയും അതിന്റെ സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധം നൽകുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു" (ഖുർആൻ 91:7-10).

ജന്മനാ നിഷ്കളങ്കനും നിസ്വാർഥനുമായ മനുഷ്യൻ പിറന്നുവീഴുന്ന ലോകത്തെ, മരണശേഷം തിരിച്ചു ചെല്ലേണ്ട ലോകെത്തക്കാൾ മികച്ചതായി കാണുകയും അതിന് അമിത പ്രാധാന്യം നൽകുകയും ചെയ്യുന്നതോടെ പ്രലോഭനങ്ങളും ഇച്ഛകളും അവനിൽ മേധാവിത്തം സ്ഥാപിക്കുന്നു. ഇത് മനുഷ്യസഹജമായ ധാർമികബോധത്തെയും സദാചാരനിഷ്ഠയെയും തള്ളിപ്പറയുന്നതിന് കാരണമായി മാറുന്നു. താൻ ഇടപെടുന്നത് ഏതു രംഗത്തായാലും ധാർമികതയുടെ പരിധി ലംഘിക്കാത്തവിധം പ്രവർത്തിക്കുവാനും നേതൃത്വപരമായ പങ്ക് വഹിക്കുവാനും ഒരാൾ പ്രാപ്തി നേടുമ്പോഴാണ് സമൂഹത്തിലെ അംഗമെന്ന നിലയിലുള്ള വ്യക്തിപരമായ ബാധ്യത നിർവഹിക്കുവാനാവുക.

അവകാശങ്ങളും ബാധ്യതകളും പരസ്പര പൂരകങ്ങളാണ്. രണ്ടിലൊന്ന് നിഷേധിക്കുന്നതോടെ മാറ്റത്തിനുവേണ്ടി വാദിക്കാനുള്ള ധാർമികത നഷ്ടമാകും. സ്രഷ്ടാവിന്റെ അളവറ്റ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ടും ആസ്വദിച്ചുകൊണ്ടും ജീവിക്കുന്ന മനുഷ്യൻ സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള ബാധ്യതകൾ നിർവഹിക്കുന്നില്ലെങ്കിൽ അത് വലിയ നന്ദികേട് തന്നെയാണ്. സദാചാരമൂല്യങ്ങളെ തകർക്കുന്നതെന്തും വലിച്ചെറിയാനുള്ള ശക്തി പകർന്നുനൽകുന്ന ധാർമികബോധം മനുഷ്യന്റെ നിലനിൽപിന് അത്യാവശ്യമാണ്. ഇതാണ് ഇസ്‌ലാം ആവശ്യപ്പെടുന്നതും. ■

വിവ. അബ്ദുൽ ജബ്ബാർ മദീനി

# കടം കൊടുക്കലും പണയവും

**കടം നൽകൽ മതപരമാകുന്നു. വിശുദ്ധക്വുർആൻ വചനങ്ങളുടെ പൊതു തേട്ടങ്ങളും പരസ്പര സഹകരണത്തിന്റെ മഹത്ത്വവും മുസ്‌ലിമിന്റെ ആവശ്യനിർവഹണം, പ്രയാസം ദൂരീകരിക്കൽ, ദാരിദ്ര്യാവസ്ഥ പരിഹരിക്കൽ എന്നിവയുടെ മഹത്ത്വവുമറിയിക്കുന്ന ഹദീസുകളും അതു വിളിച്ചറിയിക്കുന്നു.**



ആദായമെടുക്കുന്നവനു സമ്പത്ത് നൽകലാണ് ക്വർദ് അഥവാ കടം. അതിനു പകരമായത് അയാൾ തിരിച്ചുനൽകുകയും ചെയ്യും.

കടം നൽകൽ മതപരമാകുന്നു. വിശുദ്ധക്വുർആൻ വചനങ്ങളുടെ പൊതു തേട്ടങ്ങളും പരസ്പര സഹകരണത്തിന്റെ മഹത്ത്വവും മുസ്‌ലിമിന്റെ ആവശ്യനിർവഹണം, പ്രയാസം ദൂരീകരിക്കൽ, ദാരിദ്ര്യാവസ്ഥ പരിഹരിക്കൽ എന്നിവയുടെ മഹത്ത്വവുമറിയിക്കുന്ന ഹദീസുകളും അതു വിളിച്ചറിയിക്കുന്നു.

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം: "അല്ലാഹുവിന്റെ തിരുദൂതർ(സ്വ) ഒരു വ്യക്തിയോട് യുവപ്രായമുള്ള ഒരു ഒട്ടകത്തെ വായ്പ വാങ്ങി. അങ്ങനെ സകാത്തിന്റെ ഒട്ടകങ്ങൾ തിരുനബിയുടെ

അടുക്കലേക്കു വന്നപ്പോൾ ആ വ്യക്തിയുടെ കടം വീട്ടുവാൻ നബി(സ്വ) അബൂറാഫിഇനോടു കൽപിച്ചു. അബൂറാഫിഅ് പറഞ്ഞു: 'മുന്തിയ തരത്തിൽപെട്ട ആറു വയസ്സ് പ്രായം തികഞ്ഞ ഒട്ടകത്തെ മാത്രമെ ഞാൻ കാണുന്നുള്ളൂ.' നബി(സ്വ) പറഞ്ഞു: 'അയാൾക്ക് അതിനെ നൽകുക. നിശ്ചയം, ജനങ്ങളുടെ കൂട്ടത്തിൽ ഉത്തമന്മാർ ബാധ്യതകൾ ഏറ്റവും ഉത്തമമായ നിലയ്ക്ക് വീട്ടുന്നവരത്രെ."

വായ്പ നൽകുന്നതിന്റെ മഹത്ത്വമറിയിക്കുന്ന മറ്റൊരു തെളിവാണ് ഇബ്നുമസ്ഊദി(റ)ൽനിന്നുള്ള ഹദീസ്. നബി(സ്വ) പറഞ്ഞു: "ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന് രണ്ടുതവണ കടം നൽകിയാൽ അത് ഒരുതവണ അതിനുള്ള സ്വദക്വ (ദാനം) പോലെയാണ്."

**വായ്പയുടെ നിബന്ധനകളും ചില മതവിധികളും**

1. തന്റെ വായ്പ തിരിച്ചു നൽകിയാൽ തനിക്കും വായ്പ നൽകണമെന്ന നിബന്ധനയോടെ സഹോദരനു കടം നൽകൽ ഒരു മുസ്‌ലിമിനും അനുവദനീയമല്ല. കാരണം കടം നൽകുന്നവൻ തനിക്കൊരു നേട്ടം നിബന്ധനവെച്ചു. കടം കൊടുക്കുന്നവന് നേട്ടമുണ്ടാക്കിക്കൊടുക്കുന്ന എല്ലാ കടമിടപാടുകളും പലിശയാകുന്നു. കടം കൊടുത്തവന് താമസിക്കുവാൻ വെറുതെയോ അല്ലെങ്കിൽ വിലക്കുറവിലോ വീട് നൽകുക, തന്റെ വാഹനമോ മറ്റോ വായ്പ നൽകുക തുടങ്ങിയ നേട്ടങ്ങൾ നൽകൽ അനുവദനീയമല്ലെന്ന് സ്വഹാബികളിലൊരു വിഭാഗം ഫത്‌വ നൽകിയിട്ടുണ്ട്. ഇതു പാടില്ലെന്നതിൽ കർമശാസ്ത്ര വിദഗ്ധർ ഏകോപിച്ചിട്ടുമുണ്ട്.

2. കടം കൊടുക്കുന്നവൻ പ്രായപൂർത്തിയെത്തിയ, ബുദ്ധിയുള്ള, തന്റേടമുള്ള സ്വത്ത് കൈകാര്യം ചെയ്യാൻ അനുവാദമുള്ള, സംഭാവന നൽകിയാൽ അത് സാധുവാകുന്ന വ്യക്തിയായിരിക്കണം.

3. കടമായി നൽകിയ സമ്പത്തിൽ വർധനവ് നിബന്ധനവെക്കുവാൻ കടംനൽ കിയവനു പാടുള്ളതല്ല. കാരണം അത് പലിശയാകുന്നു. അതു സ്വീകരിക്കൽ അവന് അനുവദനീയമല്ല. പ്രത്യുത കടം സ്വീകരിച്ചവന് താൻ ആദ്യം നൽകിയ സംഖ്യയിൽ പരിമിതപ്പെടുകയാണ് വേണ്ടത്.

4. കടം സ്വീകരിച്ചവൻ താൻ സ്വീകരിച്ചതിനെക്കാൾ നല്ലതോ അല്ലെങ്കിൽ നൽകിയതിനെക്കാൾ കൂടുതലോ, യാതൊരു നിബന്ധനയും മുൻധാരണയും കൂടാതെ കടം നൽകിയവന് നൽകിയാൽ അത് ശരിയാകും. കാരണം അത് വായ്പ സ്വീകരിച്ചവനിൽനിന്നു സ്വമനസ്സാലുള്ള ഔദാര്യവും നല്ലനിലയിലുള്ള കടം വീട്ടലുമാണ്. മുൻചൊന്ന, അബൂറാഫിഇന്റെ ഹദീസ് അതാണറിയിക്കുന്നത്.

5. കടം നൽകുന്നവൻ കടം നൽകുന്ന സ്വത്ത് ഉടമപ്പെടുത്തിയിരിക്കണം. താൻ ഉടമപ്പെടുത്താത്തത് കടം നൽകൽ അവന് അനുവദനീയമല്ല.

6. വർത്തമാന കാലത്ത് ബാങ്കുകൾ അവയ്ക്കും ആവശ്യക്കാർക്കുമിടയിൽ നടത്തുന്ന കടമിടപാടുകൾ നിഷിദ്ധവും പലിശയിലധിഷ്ഠിതവുമാണ്; നിർണിത ലാഭത്തിനു പകരമായി ബാങ്ക് ആവശ്യക്കാർക്കു കാശ് നൽകുന്നു. കടം നൽകിയതിനെക്കാൾ കൂടുതലായാണ് ആ ലാഭം ബാങ്ക് സ്വീകരിക്കുന്നത്. അല്ലെങ്കിൽ ബാങ്ക് കടം വാങ്ങുന്നവനുമായി നൽകുന്ന തുകയിൽ ഒത്തുതീർപ്പിലാകുന്നു. ശേഷം കടം സ്വീകരിക്കുന്നവൻ മുഴുവൻ സംഖ്യയും അടച്ചുതീർക്കണമെന്നവ്യവസ്ഥയിൽ ഒത്തുതീർപ്പിലായതിനെക്കാൾ കുറഞ്ഞ സംഖ്യ ബാങ്ക് അയാൾക്കു നൽകുന്നു. ഉദാ: വായ്പ സ്വീകരിക്കുന്നവൻ ബാങ്കിനോട് ഒരു ലക്ഷം രൂപ ആവശ്യപ്പെടുന്നു. ബാങ്ക് അയാൾക്ക് ഒരു എൺപതിനായിരം നൽകുകയും ഒരു ലക്ഷം തിരിച്ചടക്കണമെന്ന് നിബന്ധനവെക്കുകയും ചെയ്യുന്നു. ഇതും നിഷിദ്ധമായ പലിശയാകുന്നു.

പണയം സ്വീകരിച്ചവന്റെ കൈയിൽ അമാനത്താണ് പണയവസ്തു. കടം വാങ്ങിയവന്റെ പക്ഷത്തുനിന്നുള്ള അതിക്രമംകൊണ്ടല്ലാതെ അത് അവന്റെ ഉത്തരവാദിത്തത്തിലാവുകയില്ല. പണയം വെച്ചുള്ള കടം വീട്ടുവാൻ സമയമായാൽ കടക്കാരൻ അതു വീട്ടൽ നിർബന്ധമാണ്. അവൻ വിസമ്മതിച്ചാൽ ഭരണാധികാരി അവനെ നിർബന്ധിക്കണം. എന്നിട്ടും അവൻ വിസമ്മതിച്ചാൽ കടം വീട്ടുവോളം അവനെ തടങ്കലിലിടുകയും ശിക്ഷിക്കുകയും വേണം. അല്ലെങ്കിൽ പണയവസ്തു വിറ്റ് അതിന്റെ തുകയിൽനിന്ന് കടം തിരിച്ചടക്കണം.

**പണയം**

കടത്തിനു ഈടായി മൂല്യവത്തായ ഒരു വസ്തു നിശ്ചയിക്കുന്നതിനാണ് പണയം എന്നു പറയുന്നത്. കടം വീട്ടുവാൻ പ്രതിബന്ധം നേരിടുന്നപക്ഷം അതിൽനിന്നോ അതിന്റെ വിലയിൽനിന്നോ അത് വസൂലാക്കുന്നതിനു വേണ്ടിയാണത്.

പണയം മതപരമാണെന്നതറിയിക്കുന്നതിന്റെ പ്രമാണം വിശുദ്ധഖുർആൻ വചനമാണ്. അല്ലാഹു പറഞ്ഞു: “ഇനി നിങ്ങൾ യാത്രയിലാവുകയും ഒരു എഴുത്തുകാരനെ കിട്ടാതിരിക്കുകയുമാണെങ്കിൽ പണയവസ്തുക്കൾ കൈവശം കൊടുത്താൽ മതി” (2:283).

ഈ ആയത്തിൽ യാത്ര എന്നു ഉപാധിവെച്ചത് പണയം ആവശ്യമായി വരുന്ന സ്ഥിതിവിശേഷം കൂടുതലും യാത്രയിലായത് പരിഗണിച്ചാണ്. അതിന്നർഥം യാത്രയിലല്ലെങ്കിൽ പണയം പാടില്ല എന്നല്ല. നാട്ടിലാണെങ്കിലും പണയം മതചട്ടമാണെന്നതിനു സുന്നത്തിൽ തെളിവുണ്ട്. ആഇശ(റ)യിൽനിന്നു നിവേദനം:

“അല്ലാഹുവിന്റെ തിരുദൂതർ(സ്വ) ഒരു ജൂതനിൽനിന്ന് അവധിവെച്ചുകൊണ്ട് ഭക്ഷണം വാങ്ങി. ജൂതന് തന്റെ ഇരുമ്പിനാലുള്ള അങ്കി അതിനു പണയാമായി നൽകുകയും ചെയ്തു.”

**പണയവുമായി ബന്ധപ്പെട്ട വിധികൾ**

1. വക്ഫുസ്വത്ത്, നായ പോലുള്ള, വിൽക്കൽ അനുവദനീയമല്ലാത്ത വസ്തുക്കൾ എന്നിവ പണയമാക്കൽ സാധുവാകുകയില്ല. കാരണം അതിൽനിന്ന് കടം വീട്ടുവാൻ സാധിക്കുകയില്ല. ഉടമപ്പെടുത്താത്ത വസ്തുവും പണയത്തിനു പ്രമാണമല്ല.

2. പണയത്തിന്റെ തോത്, വർഗം, രൂപം എന്നിവ അറിയൽ നിബന്ധനയാകുന്നു.

3.പണയം വെക്കുന്നവൻ സാമ്പത്തികവിനിമയം അനവദീയമായവനും പണയവസ്തു ഉടമപ്പെടുത്തി യവനോ അല്ലെങ്കിൽ അതിനു അനുവാദം നൽകപ്പെട്ടവനോ ആയിരിക്കണം.

4. പണയം സ്വീകരിച്ചവന്റെ പൊരുത്തം കൂടാതെ പണയവസ്തുവിൽ പണയംവെച്ചവന് സാമ്പത്തിക വിനിമയം പാടുള്ളതല്ല. പണയംവെച്ചവന്റെ പൊരുത്തം കൂടാതെ പണയം സ്വീകരിച്ചവൻ അത് ഉടമപ്പെടുത്തുവാനും പാടില്ല.

5. പണയവസ്തു കൈവശം വെക്കുന്നവന് അത് ഉപയോഗിക്കൽ അനുവദനീയമല്ല. എന്നാൽ പണയ വസ്തു യാത്രാമൃഗമോ പാൽ കറക്കപ്പെടുന്ന മൃഗമോ ആണെങ്കിൽ, അതിന് അവനു ചെലവുണ്ടെങ്കിൽ വാഹനത്തിൽ കയറുവാനും പാൽകറക്കുവാനും അനുവാദമുണ്ട്.

6. പണയം സ്വീകരിച്ചവന്റെ കൈയിൽ അമാനത്താണ് പണയവസ്തു. കടം വാങ്ങിയവന്റെ പക്ഷത്തുനിന്നുള്ള അതിക്രമംകൊണ്ടല്ലാതെ അത് അവന്റെ ഉത്തരവാദിത്തത്തിലാവുകയില്ല. പണയം വെച്ചുള്ള കടം വീട്ടുവാൻ സമയമായാൽ കടക്കാരൻ അതു വീട്ടൽ നിർബന്ധമാണ്. അവൻ വിസമ്മതിച്ചാൽ ഭരണാധികാരി അവനെ നിർബന്ധിക്കണം. എന്നിട്ടും അവൻ വിസമ്മതിച്ചാൽ കടം വീട്ടുവോളം അവനെ തടങ്കലിലിടുകയും ശിക്ഷിക്കുകയും വേണം. അല്ലെങ്കിൽ പണയവസ്തു വിറ്റ് അതിന്റെ തുകയിൽനിന്ന് കടം തിരിച്ചടക്കണം. ■

(ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിഖ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)

ഉസ്മാൻ പാലക്കാഴി
:97473 45768

# ദിക്റിന്റെ മഹത്ത്വങ്ങൾ

നബി(സ്വ) അരുളിയതായി അബൂഹുറയ്റ(റ) പറയുന്നു: "അല്ലാഹുവിന് മലക്കുകളുടെ ഒരു സംഘമുണ്ട്. അവർ വഴികളിലും മറ്റും ദിക്ർ ചെയ്യുന്നവരെ തിരക്കി നടക്കുന്നതാണ്. അല്ലാഹുവിന് ദിക്ർ ചെയ്യുന്നവരെ കണ്ടുമുട്ടിയാൽ അവർ അന്യോന്യം മറ്റുള്ളവരെ വിളിച്ച് 'നിങ്ങൾ തേടികൊണ്ടിരിക്കുന്ന കാര്യത്തിലേക്ക് വരുവിൻ' എന്നു പറയുന്നതും (ദിക്ർ ചെയ്തുകൊണ്ടിരിക്കുന്നവർക്ക് ചുറ്റും) ഒന്നാനാകാശം വരെ അവരുടെ ചിറകുകൾ കൊണ്ട് പൊതിയുന്നതുമാണ്. അപ്പോൾ അവരുടെ രക്ഷിതാവ് -അവരെക്കാൾ അറിയുന്നതിനോടു കൂടി- അവരോട് ചോദിക്കും: 'എന്റെ അടിമകൾ എന്ത് പറഞ്ഞു കൊണ്ടിരിക്കുന്നു?' അവർ പറയും: 'അവർ നിന്നെ പ്രകീർത്തിക്കുകയും (സുബ്ഹാനല്ലാഹ്) മഹത്ത്വപ്പെടുത്തുകയും (അല്ലാഹു അക്ബർ) സ്തുതിക്കുകയും (അൽഹംദുലില്ലാഹ്) വാഴ്ത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.' അപ്പോൾ അല്ലാഹു ചോദിക്കും: 'അവർ എന്നെ കണ്ടോ?' അവർ പറയും: 'ഇല്ല. അല്ലാഹുവാണെ, അവർ നിന്നെ കണ്ടിട്ടില്ല.' അല്ലാഹു ചോദിക്കും: 'അവർ എന്നെ കണ്ടിരുന്നുവെങ്കിൽ ഏതവസ്ഥയിലായിരിക്കും?' അവർ പറയും: 'അവർ നിന്നെ കണ്ടിരുന്നുവെങ്കിൽ വളരെ കൂടുതൽ ഇബാദത്തിൽ മുഴുകുകയും ഇതിനെക്കാൾ കൂടുതൽ നിന്നെ സ്തുതിക്കുകയും പ്രകീർത്തനം ചെയ്യുകയും ചെയ്യുമായിരുന്നു.' പിന്നീട് അല്ലാഹു ചോദിക്കും: 'അവർ എന്താണ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്?' അവർ പറയും: 'അവർ നിന്നോട് സ്വർഗം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു.' അല്ലാഹു ചോദിക്കും:'അവർ സ്വർഗം കണ്ടോ?' അവർ പറയും: 'ഇല്ല. അവർ കണ്ടിട്ടില്ല.' അല്ലാഹു ചോദിക്കും:'അപ്പോൾ അവരത് കണ്ടിരുന്നുവെങ്കിൽ ഏതവസ്ഥയിലായിരിക്കും?' അവർ പറയും: 'അവർ അത് കണ്ടിരുന്നുവെങ്കിൽ തീർച്ചയായും ഇതിനെക്കാൾ കൂടുതലായി അതിൽ അത്യാഗ്രഹമുള്ളവരും അതിനെ അധികമായി തേടുന്നവരും അതിൽ വളരെ ആശവെക്കുന്നവരുമാകുമായിരുന്നു.' പിന്നീട് അല്ലാഹു ചോദിക്കും: 'അവർ എന്തിൽനിന്ന് അഭയം തേടുന്നു?' അവർ പറയും: 'നരകത്തിൽനിന്ന്.' അല്ലാഹു ചോദിക്കും: 'അവരത് കണ്ടിട്ടുണ്ടോ?' അവർ പറയും:'അല്ലാഹുവിൽ സത്യം, രക്ഷിതാവേ! അവർ നരകത്തെ കണ്ടിട്ടില്ല.' അല്ലാഹു ചോദിക്കും: 'അപ്പോൾ അതവർ കണ്ടിരുന്നെങ്കിലോ?' അവർ പറയും:'അവർ അത് കണ്ടിരുന്നുവെങ്കിൽ അതിൽനിന്നും അധികം ഓടിപ്പോകുന്നവരും അധികം ഭയക്കുന്നവരും ആകുമായിരുന്നു.' അല്ലാഹു പറയും: 'അവർക്ക് ഞാൻ പാപങ്ങളെല്ലാം പൊറുത്തുകൊടുത്തതായി നിങ്ങളെ സാക്ഷികളാക്കുന്നു.' അപ്പോൾ ആ സംഘത്തിൽപ്പെട്ട ഒരു മലക്ക് പറയും: 'അക്കൂട്ടത്തിലുള്ള അവരിൽ പെടാത്ത ഒരു മനുഷ്യൻ അവന്റെ ഏതോ ആവശ്യത്തിനുവേണ്ടി മാത്രം അവിടെ വന്നതായിരുന്നു.' അല്ലാഹു പറയും: 'അവരുടെ കൂടെ ഇരിക്കുന്നവരും പരാജയപ്പെട്ടുപോകാത്ത ഒരു സംഘമാകുന്നു അവർ' (ബുഖാരി).

അല്ലാഹുവിനെ സ്മരിക്കുകയും ദിക്റുകൾ ചൊല്ലുകയും ചെയ്യുന്നതിന്റെയും ചെയ്യുന്നവരുടെയും മഹത്ത്വമാണ് ദീർഘമായ ഈ ഹദീസ് മനസ്സിലാക്കിത്തരുന്നത്.

ദിക്റിന് പ്രേരണ നൽകുന്ന, അതിന്റെ മഹത്ത്വം വ്യക്തമാക്കുന്ന നബിവചനങ്ങളും ക്വുർആൻ സൂക്തങ്ങളും നിരവധിയാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ ധാരാളമായി അല്ലാഹുവിനെ സ്മരിക്കുക"(33:41). "അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയാണ് ഏറ്റവും വലുത്"(29:45). "നിങ്ങൾ അല്ലാഹുവിനെ കൂടുതലായി ഓർക്കുക, നിങ്ങൾ വിജയിച്ചേക്കും"(62:10). നബി(സ്വ) പറഞ്ഞു: "തന്റെ രക്ഷിതാവിനെ സ്മരിക്കുന്നവന്റെയും സ്മരിക്കാത്തവന്റെയും ഉപമ ജീവനുള്ളവനും ജീവനില്ലാത്തവനും പോലെയാണ്" (ബുഖാരി). അല്ലാഹുവിനെ സ്മരിക്കുന്ന, ചൈതന്യമുള്ളവരായി ജീവിക്കുവാനാണ് വിശ്വാസികൾ ശ്രമിക്കേണ്ടത്. ■

മൂസ സ്വലാഹി കാരഃ

: 97473 45768

# സമസ്തയുടെ നൂറാം ആണ്ടും തീരാത്ത പാരമ്പര്യാവകാശ തർക്കങ്ങളും

1924ൽ സ്ഥാപിതമായ കേരളത്തിലെ ആദ്യത്തെ പണ്ഡിത സഭയിൽ നിന്നും വിഘടിച്ച് പുറത്തുപോയി സംഘടന രൂപീകരിച്ചവർ ഇന്ന് നൂറാം വാർഷികമാഘോഷിക്കുന്ന തിരക്കിലാണ്. നവോത്ഥാനത്തിന്റെ പിതൃത്വമവകാശപ്പെടുന്നതിലല്ല, അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അട്ടിപ്പേറുകൾക്ക് അടയിരിക്കുന്നതിലാണ് സമുദായം എന്നും സമസ്തയോട് കലഹിച്ചിട്ടുള്ളത്.




സമൂഹത്തിന്റെ മതപരമായ സംശുദ്ധിക്കും സാമൂഹിക ഉന്നമനത്തിനും വേണ്ടി അഹോരാത്രം പരിശ്രമിച്ച നിസ്വാർഥരായ പണ്ഡിതന്മാർ ഒരുമിച്ച് 1924ൽ രൂപീകരിച്ച കേരളത്തിലെ ആദ്യത്തെ പണ്ഡിതസഭയാണ് 'കേരള ജംഇയ്യത്തുൽ ഉലമാഅ് അഹ്‌ലുസ്സുന്നത്തി വൽജമാഅ' എന്നത്. മക്തി തങ്ങൾ, വക്കം മൗലവി, മാഹിൻ ഹമദാനി തങ്ങൾ എന്നിവരുടെ ശ്ലാഘനീയ പ്രവർത്തനങ്ങൾക്ക് 1922ൽ ഉണ്ടാക്കപ്പെട്ട ഐക്യസംഘത്തിലൂടെ പിന്തുടർച്ചയുണ്ടായതിന്റെ ഫലമായിട്ടാണ് ഈ പണ്ഡിതസഭ രൂപീകരിക്കപ്പെട്ടത്. പ്രശ്നകലുഷിതമായ ജീവിതാന്തരീക്ഷം അനുഭവിക്കുന്നവരും അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ടവരുമായിരുന്നു



1920കളിലെ മുസ്‌ലിംകൾ. ശിയാ, സൂഫി, ബറേൽവി വ്യതിയാനകക്ഷികളുടെ ഏകരൂപമായ പൗരോഹിത്യം നേർമാർഗത്തിനു പകരം നിർമിത ത്വരീഖത്തുകളിലും പ്രമാണങ്ങൾക്ക് വിലങ്ങുതീർത്ത് മാല മൗലീദുകളിലും അല്ലാഹുവിൽനിന്നകറ്റി ജാറങ്ങളിലും ജനങ്ങളെ തളച്ചിട്ടതിനാൽ ഇസ്‌ലാമിന്റെ സൗന്ദര്യം ആസ്വദിക്കാനോ മത നിയമങ്ങളെ അടുത്തറിയാനോ അക്കാലത്തുള്ളവർക്ക് വേണ്ടവിധം സാധിച്ചിരുന്നില്ല.

വക്കം മൗലവിയുടെയും ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെയും ശിഷ്യത്വം സ്വീകരിച്ച് കെ.എം മൗലവി നടപ്പിലാക്കിയ മത-ഭൗതിക രംഗങ്ങളിലെ പരിഷ്കരണ പ്രവർത്തനങ്ങൾ തെല്ലും അണയാതെ ഇന്നും ജ്വലിച്ചുനിൽക്കുകയാണ്. കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ പിതാവെന്ന് ചരിത്രം വിശേഷിപ്പിച്ച, പഴയകാല മുസ്‌ലിയാക്കന്മാർ കണ്ടറിഞ്ഞ മൗലവിയെ ചരിത്രത്തിൽനിന്നും പിഴുതെറിഞ്ഞ് 'വ്യാജചരിത്രം' നിർമിക്കുകയും അത് വിളിച്ചുകൂവുകയും ചെയ്യുന്ന തിരക്കിലാണ് വർത്തമാനകാലത്ത് സമസ്തക്കാർ!

ഇസ്‌ലാമിന്റെ ശരിയായ ആദർശവും പ്രമാണനിലപാടുകളും ആദ്യത്തെ പണ്ഡിതസഭ സമുദായത്തെ പഠിപ്പിക്കാനാരംഭിച്ചപ്പോൾ അതിനോട് പൊരുത്തപ്പെടാൻ കഴിയാതെ ആ പണ്ഡിതസഭയിൽനിന്ന് പുരോഹിതന്മാർ വ്യതിചലിച്ചു എന്നത് അവർതന്നെ അംഗീകരിച്ച വസ്തുതയാണ്: "... മാത്രവുമല്ല പുത്തനാശയക്കാരുമായി തർക്കുൽ മുവാലാത്ത് (സഹകരണ ത്യാഗം) സമസ്ത തീരുമാനിച്ചില്ലെന്ന് പോലും പറയാൻ കെ.വി മടി കാണിച്ചില്ല. സഹകരണ ത്യാഗം സമസ്ത തീരുമാനിച്ചില്ലെങ്കിൽ പിന്നെ എന്തിനാ സമസ്ത

ഉണ്ടായത്? കേരള ജംഇയ്യത്തുൽ ഉലമായെന്ന വഹാബി സംഘടന യുമായി സഹകരിച്ച് നീങ്ങിയാൽ പോരായിരുന്നോ?"(സിറാജ്/1989).

അല്ലാഹുവിന്റെ കാരുണ്യത്തി ലും അനുഗ്രഹത്തിലും പ്രവേശി പ്പിക്കപ്പെടണമെങ്കിൽ വിശ്വാസ വും കർമവും നന്നായിരിക്കണം. സമുദായത്തിനകത്ത് ഛിദ്രതയും അനൈക്യവും ഉണ്ടാക്കുവാൻ ശ്ര മിക്കുന്നവർക്ക് എങ്ങനെയാണ തിന് കഴിയുക? അല്ലാഹു പറയു ന്നു: "മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽനി ന്നുള്ള ന്യായപ്രമാണം വന്നുകി ട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു. അതു കൊണ്ട് ആർ അല്ലാഹുവിൽ വി ശ്വസിക്കുകയും അവനെ മുറുകെ പിടിക്കുകയും ചെയ്തുവോ, അവരെ തന്റെ കാരുണ്യത്തിലും അനുഗ്ര ഹത്തിലും അവൻ പ്രവേശിപ്പിക്കു ന്നതാണ്. അവങ്കലേക്ക് അവരെ നേർവഴിയിലൂടെ അവൻ നയിക്കു ന്നതുമാണ്" (4:174,175).

ഇബ്നു കസീർ(റഹി) പറയു ന്നു: "വക്രതയോ വ്യതിയാനമോ ഇല്ലാത്ത, വ്യക്തവും നേരായതു മായ പാത. ഇതാണ് ഇഹത്തിലും പരത്തിലും വിശ്വാസികളുടെ വി ശേഷണം. ഇഹലോകത്ത് എല്ലാ വിശ്വാസങ്ങളിലും കർമങ്ങളിലും അവർ ചൊവ്വായ പാതയിലും സു രക്ഷിതത്വത്തിന്റെ വഴിയിലുമാണ്. പരലോകത്ത് സ്വർഗീയാരാമങ്ങ ളിലേക്ക് നയിക്കുന്ന നേർവഴിയി ലുമാണ്."


ആത്മസംസ്കരണവും ആ ത്മീയചൂഷണവും, ആചാരങ്ങ ളും അനാചാരങ്ങളും സമരസ പ്പെട്ടു മുന്നോട്ടു പോവുകയില്ലെ ന്ന് തിരിച്ചറിഞ്ഞ പുരോഹിതന്മാർ അഹ്ലുസ്സുന്നത്തി വൽജമാഅ ത്തിന്റെ മുന്നോട്ടുള്ള ഗമനത്തിന് വിലങ്ങായി ഉടലുനിവർത്തിയതി ന്റെ അനന്തരഫലമായി 1926ൽ 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമാഅ്' ജന്മംകൊണ്ടു. വസ്തു താപരമായ ഈ കാര്യം ഇരു സമസ്തകളും അം ഗീകരിക്കുന്നത് കാണുക: "1926 ജൂൺ 26ന് കോ ഴിക്കോട് ചരിത്ര സംഗമത്തിന് വേദിയുണർന്നു. വിദൂര ദിക്കുകളിൽനിന്ന് പോലും ഉലമാക്കളും സാദാത്തുക്കളും കോഴിക്കോട് ടൗൺഹാളിലെ ത്തി. കോഴിക്കോട് ഖാസി സയ്യിദ് ഹാശിം ചെ റുകുഞ്ഞിക്കോയ തങ്ങളുടെ അധ്യക്ഷതയിൽ സമ്മേളനത്തിൽ വെച്ച് സമസ്ത കേരള ജംഇയ്യ ത്തുൽ ഉലമ പിറവിയെടുത്തു. കേരള ജംഇയ്യ ത്തുൽ ഉലമ എന്ന പേരിൽ ബിദഇകൾ സം ഘടന രജിസ്റ്റർ ചെയ്തതിനാൽ സമസ്ത എന്ന് ചേർത്താണ് പണ്ഡിതസഭ രൂപീകരിച്ചത്. സയ്യി ദ് വരക്കൽ മുല്ലക്കോയ തങ്ങൾ പ്രസിഡന്റും

> വക്കം മൗലവിയുടെയും ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെയും ശിഷ്യത്വം സ്വീകരിച്ച് കെ.എം മൗലവി നടപ്പി ലാക്കിയ മത-ഭൗതിക രംഗങ്ങളിലെ പരിഷ്കരണ പ്രവർത്തന ങ്ങൾ തെല്ലും അണയാതെ ഇന്നും ജ്വലിച്ചുനിൽക്കുകയാണ്. കേരള മുസ്ലിം നവോത്ഥാനത്തിന്റെ പിതാവെന്ന് ചരിത്രം വിശേഷിപ്പിച്ച, പഴയകാല മുസ്ലിയാക്കന്മാർ കണ്ടറിഞ്ഞ മൗലവിയെ ചരിത്രത്തിൽനിന്നും പിഴുതെറിഞ്ഞ് 'വ്യാജചരിത്രം' നിർമിക്കുകയും അത് വിളിച്ചുകൂവുകയും ചെയ്യുന്ന തിരക്കി ലാണ് വർത്തമാനകാലത്ത് സമസ്തക്കാർ!

പാങ്ങിൽ എ.പി അഹമ്മദ് കുട്ടി മുസ്ലിയാർ, വാളക്കുളം അബ്ദുൽ ബാരി മുസ്ലിയാർ, കെ.പി മുഹമ്മദ് മീറാൻ മുസ്ലിയാർ തിരുവാലി എന്നി വർ വൈസ് പ്രസിഡന്റുമാരും പള്ളി വീട്ടിൽ മു ഹമ്മദ് മുസ്ലിയാർ കോഴിക്കോട് ജനറൽ സെ ക്രട്ടറിയും വി.കെ മുഹമ്മദ് മൗലവി, ജർമ്മൻ അഹമ്മദ് മുസ്ലിയാർ എന്നിവർ ജോയിന്റ് സെ ക്രട്ടറിമാരുമായുള്ള കമ്മിറ്റി നിലവിൽവന്നു. കൊടുങ്കാറ്റു പോലെ അലയടിച്ചുവന്ന ഐക്യ സംഘത്തിന്റെ പാരമ്പര്യവിരുദ്ധ നവീന-തീവ്ര ആശയങ്ങൾ സമ്മേളനങ്ങൾ, സംവാദങ്ങൾ, എഴുത്തുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മു തലായവയിലൂടെ നിരന്തരമായ പോരാട്ടങ്ങൾ നടത്തി സമസ്ത പ്രതിരോധിച്ചു" (സുന്നിവോ യ്സ്/2024 ജനുവരി 16-31/പേജ് 21, 22).

"1926 ജൂൺ 26ന് കോഴിക്കോട് ഖാളിയായിരുന്ന സയ്യിദ് ഹാശിം ചെറുകുഞ്ഞിക്കോയ തങ്ങളുടെ അധ്യക്ഷതയിൽ ചേർന്ന ചരിത്ര സംഗമത്തിലാണ് സമസ്ത പിറവികൊള്ളുന്നത്. സാദാത്തുക്കളുടെയും ഉലമാക്കളുടെയും സൂഫി തേജസ്സുകളുടെയും മഹനീയ സാന്നിധ്യം കൊണ്ട് പ്രൗഢമായിരുന്നു ആ വേദി. സുപ്രധാനമായ ആ സദസ്സിൽവെച്ച് ബിദ്അത്തിന്റെ വിഷലിപ്തമായ ആശയങ്ങളെ പ്രചരിപ്പിക്കുന്നവർക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ എന്ന പണ്ഡിതസഭ കാലം തേടുന്ന അനിവാര്യതയുടെ സൃഷ്ടിയായി പിറവിയെടുത്തത്" (സുന്നി അഫ്കാർ/2024 ജനുവരി 1/ പേജ് 39).

സമസ്ത രജിസ്ട്രേഡ് ആകുന്നതിന്റെ പത്ത് വർഷങ്ങൾക്കു മുമ്പ് ജംഇയ്യത്തുൽ ഉലമ നിയമാംഗീകൃതമായി ഇവിടെയുണ്ടെന്ന് ഇവർ തന്നെ സമ്മതിക്കുന്നു. തങ്ങൾ തുടർന്നുപോരുന്ന അത്യാചാരങ്ങളെ നിലനിർത്തുക, ശിയാഇസത്തെ പരിപോഷിപ്പിക്കുക തുടങ്ങിയ താൽ



പര്യങ്ങളോടെ ഈ സംഘത്തിൽനിന്നും ഇവർ പുറത്തുചാടിയത് പ്രമാണവിരുദ്ധതയുടെ പ്രകടനം കൂടിയായിരുന്നു. ഇക്കൂട്ടരെ പിൻപറ്റുന്നവരെ ഓർമിപ്പിക്കാനുള്ളത് അല്ലാഹുവിന്റെ ഈ വചനങ്ങളാണ്: "അതിക്രമകാരികളുടെ കൽപന നിങ്ങൾ അനുസരിച്ചുപോകരുത്. ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നന്മ വരുത്താതിരിക്കുകയും ചെയ്യുന്നവരുടെ (കൽപന)" (26:151,152).

ഇബ്നു കസീർ(റഹി) പറയുന്നു: "അവരെ ശിർക്കിലേക്കും അവിശ്വാസത്തിലേക്കും വിളിക്കുന്ന, സത്യത്തിനെതിരായി നടക്കുന്ന അവരുടെ നേതാക്കളും തലവന്മാരുമാണ് ഇതിന്റെ വിവക്ഷ."

ഇവരുടെ മുന്നോട്ടുള്ള യാത്രയിൽ നിരവധി പിളർപ്പുകൾ സംഭവിച്ചു. 1955ൽ തബ്ലീഗ് ജമാഅത്തിനോട് ഒത്തുപോകുന്ന 'ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ'യും 1967ൽ 'കേരള സംസ്ഥാന ജംഇയ്യത്തുൽ ഉലമ'യും സമസ്തയിൽനിന്ന് പൊട്ടിമുളച്ചു. ജാമിഅ നൂരിയ്യ സ്ഥാപകനും സമസ്തയുടെ ഒട്ടേറെ സമ്മേളനങ്ങളിലെ നിറസാന്നിധ്യവുമായിരുന്ന അഹ്മദ് നൂരിശാഹ് തങ്ങളെ അകറ്റിയതിനാൽ അദ്ദേഹത്തിന്റെ പേരിൽ ഒരു വിഭാഗവും സമസ്തയുടെ ആവേശമായ ശൈഖ് ജീലാനിയുടെ അനുയായികളായി ഒരു കൂട്ടരും മറ്റു വ്യക്തികേന്ദ്രീകൃത ത്വരീഖത്ത് കൂട്ടങ്ങളും കറങ്ങിത്തിരിയുന്ന അവസ്ഥ സംജാതമായി.

സമസ്തയുടെ നേതാക്കളെയും അനുയായികളെയും ഒന്നടങ്കം അമ്പരപ്പിച്ചതായിരുന്നു 1989ലെ പിളർപ്പ്. അഹ്ലുസ്സുന്ന വൽജമാഅയുടെ വക്താക്കളെ വഹാബികളെന്നു മുദ്രകുത്തിക്കൊണ്ട് വേരോടെ പിഴുതെറിയാൻ ആവുന്ന കുതന്ത്രങ്ങളെല്ലാം നടത്തിയ, അറബിക്കടലിൽ കെട്ടിത്താഴ്ത്തുമെന്ന് വീരവാദം മുഴക്കിയ സമയത്താണിത് സംഭവിച്ചത്. ഇതോടെ സമസ്ത എന്നത് പൊതുവായി ഉപയോഗിക്കപ്പെട്ട് ഇ.കെ വിഭാഗം, എ.പി വിഭാഗം എന്നിങ്ങനെ രണ്ട് ചേരികളാവുകയും കേരള മണ്ണ് അതിന്റെ പോരാട്ട വേദിയാവുകയും ചെയ്തു. 1922 മുതൽ എ.പിക്കാർ അഖിലേന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമ എന്ന പേര് സ്വീകരിച്ച് ദേശീയമുഖം സ്വീകരിക്കാൻ ശ്രമിച്ചു.

അനേകം വാഗ്വാദങ്ങളും ഐക്യചർച്ചകളുമൊക്കെ നടത്തി ഫലവത്താകാതെ ഇരു സമസ്ത മുശാവറകളും അവരുടെ അനുബന്ധ ഘടകങ്ങളും നൂറാം ആണ്ട് ആഘോഷിക്കാനുള്ള ഒരുക്കത്തിലാണിപ്പോൾ. ആദർശത്തിൽ ഇണക്കിളികളായ ഇരുവിഭാഗവും സംഘടനാപാരമ്പര്യത്തിന്റെ അവകാശം ആർക്കാണെന്ന തർക്കത്തിൽ പരസ്പരം ഉരസുന്ന കാഴ്ചയാണിപ്പോൾ. പൗരോഹിത്യത്തിന്റെ നട്ടെല്ലിനേറ്റ ഈ ക്ഷതത്തെ സംബന്ധിച്ച് ഇരു വിഭാഗവും എഴുതിവിട്ടത് വായിക്കാം:

"വരക്കൽ തങ്ങൾ മുതൽ ജിഫ്‌രി തങ്ങൾവരെ എത്തിനിൽക്കുന്ന സമസ്തക്കു മാത്രം അവകാശപ്പെട്ടതാണ് നൂറാം വാർഷികമെന്ന് കുഞ്ഞിളം ബാല്യങ്ങൾക്ക് പോലും നിഷ്പ്രയാസം മനസ്സിലാക്കാനാവും. എന്നാൽ, തങ്ങളാണ് യഥാർത്ഥ സമസ്തയുടെ വക്താക്കളെന്ന കല്ലുവെച്ച നുണ പടച്ചുവിട്ട് നൂറാം വാർഷികം ആഘോഷിക്കാനുള്ള തത്രപ്പാടിലാണ് കാന്തപുരം വിഭാഗം. 1989ലാണ് കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ അടക്കമുള്ള ആറു പേരെ സമസ്ത മാറ്റി നിർത്തിയത്'' (സുന്നിഅഫ്കാർ/2024 ജനുവരി1, പേജ് 40).

"സമസ്തയെ നെഞ്ചേറ്റിയത് അതതുകാലത്തെ മഹാജ്ഞാനികളായിരുന്നു. വരക്കൽ മുല്ലക്കോയ തങ്ങൾ മുതൽ സയ്യിദ് താജുൽ ഉലമ ഉള്ളാൾ തങ്ങൾ വഴി ആ ശൃംഖല ഇന്ന് റഈസുൽ ഉലമ ഇ. സുലൈമാൻ മുസ്‌ലിയാരിലെത്തിയിരിക്കുന്നു. പാങ്ങിൽ എ.പി അഹ്മദ് മുസ്‌ലിയാരിലാരംഭിച്ച് കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാർ വഴി ആ വെളിച്ചം പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു'' (സുന്നിവോയ്സ്/2023 ഡിസംബർ 16-31/ പേജ് 5).

പിളർപ്പിന്റെ രണ്ടറ്റവും അലങ്കരിച്ച ഇരുവിഭാഗവും അതിന്റെ കാരണങ്ങൾ പറഞ്ഞ് ഉരുണ്ടുകളിക്കുന്നത് കൂടി കാണാം:


"നിരന്തരമായി സംഘടനാമര്യാദകൾ ലംഘിച്ചും മറ്റും ഉലമാഇന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തി, ഗുരുജനങ്ങളെ അപമാനിച്ചു, കേരളത്തിലെ മുസ്‌ലിം സംഘടിത ശക്തിയെ തകർക്കാൻ ശ്രമിച്ചു തുടങ്ങി സാമ്പത്തികവും അല്ലാത്തതുമായ നിരവധി ആരോപണങ്ങൾക്ക് ഇവർ വിധേയരായി. ഇതൊക്കെയാണ് ഇവരെ മാറ്റി നിർത്താൻ കാരണമായത്. 1989ൽ ഓൾ ഇന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമ എന്ന പേരിൽ കോഴിക്കോട് രജിസ്റ്റർ ചെയ്ത് ഇവർ ഇപ്പോഴും പ്രവർത്തിച്ച് വരുന്നു. ജന്മ വൈകല്യം വേട്ടയാടുന്ന ഈ വിഭാഗം സമസ്ത എന്ന നാമം ചേർത്തു പ്രവർത്തിക്കാൻ നടത്തുന്ന ഗൂഢനീക്കങ്ങൾ ഇപ്പോഴും തുടരുകയാണ്. സംഘടനാമര്യാദയുടെ ലംഘനമാണിത്. സമസ്തയുടെ രജിസ്ട്രേഷൻ സ്ഥിരീകരിച്ചതിനെതിരെ ഇവർ നൽകിയ വ്യവഹാരം ബഹു. സുപ്രീം കോടതി 2008 ഓഗസ്റ്റ് 28നു തള്ളുകയായിരുന്നു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ എന്ന ആദർശപ്രസ്ഥാനത്തിന്റെ ജനസമ്മതി ഉപയോഗപ്പെടുത്താനാണ് ഇവർ വളഞ്ഞ മാർഗത്തിൽ ശ്രമം നടത്തുന്നതെന്ന് വ്യക്തം. അവരുടെ സംഘടന രജിസ്റ്റർ പേരുപയോഗിക്കാതെ സമസ്തയുടെ പേരിൽ സമ്മേളനങ്ങളും പിരിവുകളും നടത്താനാണ് അവരുടെ ഭാവം. സമസ്തക്ക് സമൂഹത്തിലുള്ള സ്വാധീനം ദുരുപയോഗം ചെയ്യാനാണിത്. ആത്മീയത വിപണനമാക്കുകയും സമൂഹത്തിൽ ശിഥിലീകരണമുണ്ടാക്കുകയും മതത്തിന്റെ അച്ചടക്കവും വിശുദ്ധിയും തകർക്കുകയും ചെയ്യുന്ന ഈ വിഭാഗത്തിനു പറയത്തക്ക ജനസ്വാധീനം നേടാനായിട്ടില്ലെന്നതാണ് കറപുളരാത്ത നേര്'' (സുന്നിഅഫ്കാർ/2024 ജനുവരി 1/പേജ് 40).

> സംഘടനാസങ്കുചിതത്ത്വവും രാഷ്ട്രീയ പുകിലുകളുമാണ് ഈ കോലത്തിലുള്ള അധഃപതനത്തിലേക്ക് ഇവരെ എത്തിച്ചത്. ഞങ്ങളാണ് യഥാർഥ സമസ്തയെന്നും പിളർപ്പിലെ 'മുഖ്യ വില്ലൻ' കാന്തപുരമാണെന്നും സുപ്രധാന രേഖകൾ എടുത്തുകാട്ടി ഇ.കെ വിഭാഗം സമർഥിക്കുന്നതും അതേ നാണയത്തിൽ കാന്തപുരം വിഭാഗം തിരിച്ചടിക്കുന്നതും ഈ സംഘട്ടനത്തിലെ കാഴ്ചയാണ്.

"1979 നവംബർ 29ന് താജുൽ ഉലമ സയ്യിദ് അബ്ദുർറഹ്മാൻ അൽബുഖാരി ഉള്ളാൾ തങ്ങളുടെ അധ്യക്ഷതയിൽ ചേർന്ന മുശാവറ യോഗം ഇങ്ങനെ പ്രഖ്യാപിച്ചു: ചില സ്ഥലങ്ങളിൽ സമസ്തയെ പറ്റി രാഷ്ട്രീയമായി ചില തെറ്റിദ്ധാരണകൾ ഉണ്ടെന്ന് അറിവ് കിട്ടിയതിന്റെ അടിസ്ഥാ

നത്തിൽ താഴെ കാണുന്ന പ്രസ്താവന പുറപ്പെടുവിക്കാൻ തീരുമാനിച്ചു; സമസ്തക്ക് യാതൊരു പ്രത്യേക രാഷ്ട്രീയവുമില്ല. ഈ സംഗതി സമസ്ത പലവുരു പ്രഖ്യാപിച്ചിട്ടുണ്ട്. വല്ലവരും സമസ്തയെ വല്ല രാഷ്ട്രീയ പാർട്ടിയോടും ബന്ധപ്പെടുത്തുന്നുവെങ്കിൽ പൊതുജനങ്ങൾ അതിൽ വഞ്ചിതരാവരുത്. 1989 കാലത്ത് സമുദായ രാഷ്ട്രീയ പാർട്ടിയുടെ ഇംഗിതങ്ങൾക്ക് വഴങ്ങി ബിദഈ കക്ഷികളുമായി കൂട്ടുകൂടാനും സമസ്തയെ വഴിതെറ്റിക്കാനും ഉറക്കിക്കിടത്താനും ശക്തമായ ശ്രമമുണ്ടായപ്പോൾ വ്യവസ്ഥാപിതമായ മാർഗത്തിൽ സമസ്ത പുനഃസംഘടിപ്പിക്കുകയും സ്ഥാപിതകാല താൽപര്യമനുസരിച്ച് അജയ്യമായി മുന്നോട്ടുപോവുകയും ചെയ്തു" (സുന്നിവോയ്സ്/2024 ജനുവരി 16-31/ പേജ് 24).

സംഘടനാസങ്കുചിതത്ത്വവും രാഷ്ട്രീയ പുകിലുകളുമാണ് ഈ കോലത്തിലുള്ള അധഃപതനത്തിലേക്ക് ഇവരെ എത്തിച്ചത്. ഞങ്ങളാണ് യഥാർഥ സമസ്തയെന്നും പിളർപ്പിലെ 'മുഖ്യ വില്ലൻ' കാന്തപുരമാണെന്നും സുപ്രധാന രേഖകൾ എടുത്തുകാട്ടി ഇ.കെ വിഭാഗം സമർഥിക്കുന്നതും അതേനാണയത്തിൽ കാന്തപുരം വിഭാഗം തിരിച്ചടിക്കുന്നതും ഈ സംഘട്ടനത്തിലെ കാഴ്ചയാണ്. ഇരുകൂട്ടരും നടത്തിയ ആരോപണ-പ്രത്യാരോപണങ്ങളിൽ ചിലത് കാണുക:



"സമസ്തയുടെ നേതൃനിരയിലെ പണ്ഡിതന്മാരെല്ലാം പരസ്പര ബഹുമാനത്തോടെയും സ്നേഹത്തോടെയുമായിരുന്നു സംഘടനയെ നയിച്ചത്. അവർക്കിടയിൽ മൗലികമായ അഭിപ്രായാന്തരങ്ങൾ ഉണ്ടായിരുന്നില്ല. പിൽകാലത്ത് കാന്തപുരത്തിന്റെ വരവോടെയാണ് സമസ്തയുടെ ഉലമാക്കൾക്കിടയിൽ ഭിന്നതകൾ ഉടലെടുത്ത്. തന്റെ ഗുരുനാഥന്മാരെപോലും അനാദരിക്കുകയും അധികാരത്തിന് വേണ്ടി സർവ കുറുക്കുവഴികളും അയാൾ തേടി. ഉസ്താദുമാരുടെ നൃശംസതക്കും ഗുരുത്വക്കേടിനും ഇരയായ കാന്തപുരം സമസ്തയിൽ നിന്ന് പുറംതള്ളപ്പെടുന്ന കാഴ്ചയാണ് സുന്നി കേരളം കണ്ടത്" (കണ്ണിയത്തിന്റെ പ്രാർഥന/മൊയ്തീൻ കുട്ടി ഫൈസി വാക്കോട്/പേജ് 8).

"ഔലിയാക്കളാൽ കെട്ടിപ്പടുക്കപ്പെട്ട സമസ്തയുടെ 60-ാം വാർഷികം നടക്കുമ്പോൾ സമസ്തയിൽ ഭിന്നിപ്പ് ഉണ്ടായിട്ടില്ല. ശംസുൽ ഉലമ എല്ലാം മുന്നിൽ കണ്ടാണ് തന്റെ പ്രസംഗം അവസാനിപ്പിച്ചത്. സമസ്തയുടെ ഉള്ളിൽനിന്നും ഈ മഹനീയ പ്രസ്ഥാനത്തെ നശിപ്പിക്കാൻ ശ്രമിച്ചാൽ ഔലിയാക്കൾ തന്നെ അവരെ പുറത്തെറിയും. ഈ വാക്ക് അന്നു സ്റ്റേജിൽ പങ്കെടുത്ത ചിലരെ സംബന്ധിച്ചാണെന്നു ആരും ഊഹിച്ചില്ല" (ശംസുൽ ഉലമയും 60-ാം വാർഷിക പ്രഭാഷണവും/അബ്ദുൽ കരീം കൊളത്തറ/പേജ് 15).

"സമൂഹത്തിന്റെ അംഗീകാരം ലഭിക്കാത്തതിൽ ഈർഷ്യതയുള്ള ഇവർ ഏറ്റവും ഒടുവിൽ ശംസുൽ ഉലമാ(ന.മ)യെക്കുറിച്ച് അരുതാത്തത് പറഞ്ഞിരിക്കുകയാണ്. ഉള്ളാൾ ഉറൂസിൽ വെച്ചായിരുന്നു സംഭവം. വിമത അദ്ധ്യക്ഷനും ഉള്ളാൾ സയ്യിദ് മദനി കോളേജ് പ്രിൻസിപ്പാളുമായ കുഞ്ഞിക്കോയ തങ്ങൾ തന്റെ ഗുരുനാഥൻ കൂടിയായ ശംസുൽ ഉലമായെക്കുറിച്ച് പറഞ്ഞു: അവൻ പിഴച്ചുപോയി, വഖദ് കഫറ. ഒരു സാധാരണ മുസ്‌ലിമിനെക്കുറിച്ച് കുഫ്റ് ആരോപിച്ചാൽ ആരോപിച്ചയാളിൽ കുഫ്റ് തിരിച്ചുവരുമെന്നത് സർവ്വാംഗീകൃതമായ തത്ത്വമാണ്" (നാട്ടിക മൂസ മൗലവി/കേരളനാട് കൂട്ടായ്മ മാസിക/2000 മെയ് 20-ജൂൺ 20/പേജ് 8).

"കണ്ണിയത്തിനു വയസ്സായതുകൊണ്ടു വേണ്ടത്ര ബുദ്ധിയില്ല. അത്തും പിത്തുമാണ്, ആരോ ചൊല്ലിക്കൊടുത്തത് ഏറ്റുചൊല്ലുകയാണ്" (കണ്ണിയത്തിന്റെ പ്രാർഥന/പേജ് 11).

"എപി.അബൂബക്കർ മുസ്‌ലിയാരുടെ കൂടെ നിങ്ങൾ കൂടരുത്. അയാളെ സമസ്ത പുറത്താക്കിയിട്ടുണ്ട്. എസ്.കെ.എസ്.എസ്.എഫ് സ്ഥാപകകാല നേതാക്കളോട് കണ്ണിയത്ത് ഉസ്താദ് നൽകിയ വസ്വിയ്യത്താണിത്. എ.പിയുടെ കൂടെ ഒരു കാലത്തും കൂടരുത്. ആ വസ്വിയ്യത്ത് കഴിഞ്ഞ 23 വർഷമായി സംഘടന അതീവ ശ്രദ്ധയോടെ പാലിച്ചുവരുന്നു. അതിന്റെ ബറകത്ത് സംഘടനാരംഗത്ത് കാ

ണുന്നുമുണ്ട്" (കണ്ണിയത്ത് ഉസ്താദ് സ്മരണിക/പേജ് 61).

"സമസ്തക്കെതിരെ കേസ് കൊടുത്തവർക്ക് ആരും ഒത്താശ ചെയ്തു കൊടുക്കരുത്. അവരുടെ യോഗത്തിൽ പങ്കെടുക്കരുത്. സമസ്തക്കെതിരെ കേസു കൊടുത്തവരെ അല്ലാഹു മുഖം കെടുത്തട്ടെ. അവരെയും അവരുടെ അഹ്‌ലുകാരെയും അല്ലാഹു ഖൈറിലാക്കാതിരിക്കട്ടെ" (കണ്ണിയത്തിന്റെ പ്രാർഥന/പേജ് 10).

"സമസ്തക്ക് സമാന്തരം സൃഷ്ടിച്ച് കാര്യലാഭം നേടുന്ന ഇക്കൂട്ടർ പിറന്നത് 1989 ലാണ്. രജിസ്ട്രേഷനും ഇതര രചനകളും വ്യക്തമാക്കുന്നത് അപ്രകാരമാണ്. അവരുടെതന്നെ പത്രമായ സിറാജിൽ കാണാം, 1989ൽ സമസ്തയിൽ നിന്നും വിട്ടുപോയ ശേഷമുള്ള ഇരുപത്തിനാല് വർഷത്തെ സംഭവബഹുലമായ പ്രവർത്തനങ്ങളിലൂടെ ഒരു മുസ്‌ലിം മത പണ്ഡിത സഭക്കുണ്ടാകേണ്ട എല്ലാവിധ സ്വഭാവവിശേഷങ്ങളും പക്വതയും തങ്ങൾക്കുണ്ടെന്ന് ബോധ്യപ്പെടുത്തിയ സ്ഥിതിക്ക് ഈ പണ്ഡിതസഭ...ഇങ്ങനെ തുടങ്ങുന്ന വരികൾ. നാടുനീളെ മൈക്ക് കെട്ടി ഇന്നുവരെ ഇവർ പെരുമ്പറ പറഞ്ഞതും 1989ൽ സമസ്ത പുറത്താക്കിയ കാന്തപുരവും അനുയായികളും പടച്ചെടുത്ത സമാന്തര സമസ്തയെ കുറിച്ചായിരുന്നു. വിഘടിത ശക്തിയുടെ പ്രഥമ പ്രസിഡന്റായിരുന്ന ഉള്ളാൾ തങ്ങളുടെതന്നെ വിഖ്യാതമായ ഒരു പ്രഭാഷണത്തിൽ കേൾക്കാം പുറത്താക്കിയതാണെന്ന് ആരാണ്ടാ പറഞ്ഞത്, ഞങ്ങൾ ഇറങ്ങിപോന്നാണ്ടാ. അവരുടെ ഭാഷയിൽ ഇറങ്ങിപ്പോന്നെന്ന് പറയുമ്പോഴും യഥാർത്ഥ സമസ്തയുടെ അവകാശികളല്ലെന്നു വ്യക്തം. ഇത്തരം വീരവാദം പറഞ്ഞ് തുള്ളിച്ചാടുന്ന ഇക്കൂട്ടർ പിന്നെയും നൂറാം വാർഷികത്തിന്റെ കുപ്പായമണിയുന്നതിൽ എന്തു ധാർമികതയാണുള്ളത്?" (സുന്നി അഫ്കാർ/ 2024 ജനുവരി 1/പേജ് 41).

പുറത്താക്കിയതാണോ ഇറങ്ങിപ്പോയതാണോ എന്നതിൽ വ്യക്തത കിട്ടാത്തവിധം 'യഥാർഥ വാദികൾ' പുതുതായി എഴുതിയത് കാണുക: "സമസ്തയുടെ അനുവാദത്തോടെ രാഷ്ട്രീയത്തിലിറങ്ങാൻ കഴിയില്ലെന്നു തിരിച്ചറിഞ്ഞവർ സമസ്തയുടെ സാത്വിക നേതൃത്വത്തെ അവമതിക്കാൻ രാഷ്ട്രീയ പ്രസംഗങ്ങളും പ്രസ്താവനകളുമായി രംഗത്തുവന്നതോടെ അതിനു നേതൃത്വം നൽകിയ ആറു പേരെ 1989 ഫെബ്രുവരി 18നു ചേർന്ന സമസ്ത മുശാവറ യോഗം സമസ്തയിൽനിന്നു പുറത്താക്കുകയായിരുന്നു" (ചന്ദ്രിക സമസ്ത സമ്മേളന പതിപ്പ്/ 2024 ജനുവരി 28 ഞായർ/പേജ് 1).

"1988നപ്പുറം സമ്പൂർണ ശൂന്യമായ ഇവർ

> "കണ്ണിയത്ത് ഉസ്താദ്, ശംസുൽ ഉലമാ, കോട്ടുമല ഉസ്താദ്, കെ.കെ ഹസ്രത്ത്, അണ്ടോണ അബ്ദുല്ല ഉസ്താദ് തുടങ്ങിയ മഹാപണ്ഡിതരുടെ ശിഷ്യന്മാരായ നിങ്ങൾ ഗുരുനാഥന്മാരെ തള്ളി സ്വന്തം അരിക്കിന് നേടാൻ റസീറ്റ് ബുക്കുമായി പുറത്തുപോയവർക്കെങ്ങനെ പാരമ്പര്യമവകാശപ്പെടാൻ പറ്റും?...നിങ്ങളുടെ പാരമ്പര്യം ചെന്നെത്തുന്നത് ഇ.എം.എസ്, ദേവഗൗഡ, സി.എം ഇബ്രാഹിം, എസ്.ബി ചവാൻ, ഒ. രാജഗോപാൽ തുടങ്ങിയ ഭൗതികരിലല്ലേ?" (സുന്നിഅഫ്കാർ/ 2002 ജൂലൈ 3/ പേജ് 34).

ക്കെങ്ങനെയാണാവോ ഈ പാരമ്പര്യം ലഭിക്കുക? അങ്ങേ കൊമ്പിലിരിക്കുന്ന സകലരുടെയും ഗുരുനാഥന്മാർ ഇക്കൂട്ടർക്ക് ഗുരുത്തക്കേടല്ലെ കൈമാറിയത്? കണ്ണിയത്ത് ഉസ്താദ്, ശംസുൽ ഉലമാ, കോട്ടുമല ഉസ്താദ്, കെ.കെ ഹസ്രത്ത്, അണ്ടോണ അബ്ദുല്ല ഉസ്താദ് തുടങ്ങിയ മഹാപണ്ഡിതരുടെ ശിഷ്യന്മാരായ നിങ്ങൾ ഗുരുനാഥന്മാരെ തള്ളി സ്വന്തം അരിക്കിന് നേടാൻ റസീറ്റ് ബുക്കുമായി പുറത്തുപോയവർക്കെങ്ങനെ പാരമ്പര്യമവകാശപ്പെടാൻ പറ്റും?...നിങ്ങളുടെ പാരമ്പര്യം ചെന്നെത്തുന്നത് ഇ.എം.എസ്, ദേവഗൗഡ, സി.എം ഇബ്രാഹിം, എസ്.ബി ചവാൻ, ഒ. രാജഗോപാൽ തുടങ്ങിയ ഭൗതികരിലല്ലേ?" (സുന്നിഅഫ്കാർ/ 2002 ജൂലൈ 3/ പേജ് 34).

പൊതുസമൂഹത്തിൽ പാട്ടായ ഇത്തരം വാർത്തകളെ ചെറുക്കാൻ കാന്തപുരം നടത്തിയ ചെറിയ ശ്രമങ്ങൾ കൂടി വായിക്കാം. സുന്നി സമ്മേളനമെന്ന പേരിൽ എണാകുളത്ത് നടത്താനിരുന്ന സമസ്തയുടെ വിവാദ വാർഷിക സമ്മേളനം പിളർപ്പിന് ആക്കം കൂട്ടിയതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് എഴുതിയത് കാണുക:

"എന്നാൽ സമസ്തക്കെതിരായ ഗൂഢാലോചനകൾ തിരിച്ചറിഞ്ഞ പണ്ഡിതനേതൃത്വം എറണാകുളം സമ്മേളനവുമായി മുമ്പോട്ടുപോയി. സമസ്തയുടെ പ്രവർത്തനങ്ങളിൽ ബാഹ്യശക്തിയുടെ ഇടപെടൽ ആവശ്യമില്ലെന്നും സുന്നീ പണ്ഡിതസഭ ആരുടെയും ചട്ടുകമല്ലെന്നും പണ്ഡിതനേതൃത്വം പ്രഖ്യാപിച്ചു. ഭിന്നത രൂക്ഷമായി. സമ്മേളനത്തിനെതിരെ സമുദായ പാർട്ടി അതിന്റെ സർവശക്തിയും സംഭരിച്ച് രംഗത്തു വന്നു. അധികാരവും മറ്റു പ്രലോഭനങ്ങളും നിരത്തി നാമമാത്രമായ ഒരു വിഭാഗം പണ്ഡിതരെ പാർട്ടി ചൊൽപ്പടിയിൽ നിർത്തി. ഭൂരിഭാഗം വരുന്ന പണ്ഡിതസമൂഹവും സാദാത്തുക്കളും ഉമറാക്കളും സുന്നീ പ്രവർത്തകരും വിഘടിതരുടെ തിട്ടൂരം അർഹിക്കുന്ന അവജ്ഞതയോടെ തള്ളികളഞ്ഞു. 1989 ലെ ഒരു ദിനം. ഐതിഹാസിക



മായൊരു വഴിത്തിരിവിലേക്കായിരുന്നു ആ പ്രഭാതം. എറണാകുളം നഗരം മഹാസംഭവത്തിന് സാക്ഷ്യം വഹിച്ചു" (സമസ്ത മുശാവറയിലെ 40 ഗുരുമുഖങ്ങൾ/പേജ് 29).

"എംഎ ഉസ്താദിന്റെ ജീവിതത്തിൽ ഏറ്റവും വേദനിച്ച നാളുകളായിരുന്നു 1989ൽ സമസ്തയിലുണ്ടായ വഴിത്തിരിവ്. രാഷ്ട്രീയാതിപ്രസരത്തിനു വഴങ്ങി സമസ്തയുടെ ആദർശം ഉയർത്തിപ്പിടിച്ച നേതാക്കളെ പുറത്താക്കാനും എസ്‌വൈഎസിനെ നശിപ്പിക്കാനും ചില ഔദ്യോഗിക ഭാരവാഹികൾ ഭൂരിപക്ഷത്തിന്റെ ഹുങ്കിൽ ശ്രമിച്ചപ്പോഴാണ് സത്യം ഉയർത്തിപ്പിടിക്കാൻ വഴിപിരിയുകയല്ലാതെ മാർഗമില്ലെന്ന് വന്നത്. അങ്ങനെയാണ് ഉള്ളാൾ തങ്ങൾക്കൊപ്പം എംഎ ഉസ്താദ്, എപി ഉസ്താദ് പോലുള്ള പണ്ഡിത നേതാക്കൾ പുറത്ത് പോന്നതും 89ൽ സമസ്ത പുനഃസംഘടിപ്പിച്ചതും" (സുന്നിവോയ്സ് /2015 മാർച്ച് 1-15/പേജ് 15).

കാന്തപുരം കണ്ണിയത്തിൽ നിന്ന് കേട്ടത് പറയുന്നു: "കണ്ണിയത്തുസ്താദ് ഞങ്ങളെ കണ്ടപ്പോൾ കഴിഞ്ഞ ദിവസം ഒരു സമ്മേളനത്തിൽ പ്രസംഗിച്ചതിനെ കുറിച്ച് പറഞ്ഞുതുടങ്ങി. എന്നെ ഇവർ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. അവിടെനിന്ന് എക്സറെ എടുക്കാനാണെന്നു പറഞ്ഞുകൊണ്ട് പോയത് ഒരു യോഗത്തിൽ പ്രസംഗിക്കാനാണ്. ഇത് പറയലോടെ അന്നു മറുചേരിയിലായിരുന്ന മകൻ പറഞ്ഞു: 'സമസ്തയുടെ യോഗത്തിനല്ലേ പോയത്? ഉള്ളാൾ തങ്ങളെയും ഹംസ മുസ്‌ലിയാരെയും സമസ്തയിൽ നിന്ന് പുറത്താക്കിയതല്ലേ?' പൊടുന്നനെ ഉസ്താദ് പ്രതികരിച്ചു: 'തങ്ങളേയും ഹംസയേയും പുറത്താക്കിയെങ്കിൽ പുറത്താക്കപ്പെട്ട അവരുടെ കൂടെയാണ് ഞാൻ.' അല്ലാഹുവാണ് സത്യം, ഞാൻ എന്റെ ചെവിടുകൊണ്ട് കേട്ടതാണ് ഈ വാക്കുകൾ" (സുന്നിവോയ്സ്/2014 ഫെബ്രുവരി 16-28/ പേജ് 20, 21).

ഉള്ളാൾ തങ്ങളോട് കണ്ണിയത്ത് പറഞ്ഞത് കാണുക: "നിങ്ങളെന്നെ സമസ്തയിൽനിന്നു പുറത്താക്കിയതല്ലേ, അതുകൊണ്ട് വരാതിരുന്നതാണ്. ശിഷ്യവത്സലനായ ആ മഹാഗുരു കിടന്നിടത്തുനിന്ന് എഴുന്നേറ്റ് സഗൗരവം ചോദിച്ചതിങ്ങനെ: 'തങ്ങളെ ഞാൻ പുറത്താക്കുകയോ? ഞാൻ പുറത്താക്കിയിട്ടില്ല. തങ്ങളെവിടെയാണുള്ളതെങ്കിൽ അവിടെ ഞാനും ഉണ്ട്" (സുന്നിവോയ്സ്/2014 ഫെബ്രുവരി 16-28/ പേജ് 11).

ചിത്താരി ഹംസ മുസ്‌ലിയാരും കണ്ണിയത്തും: "സമസ്തയുടെ അനിവാര്യമായ പിളർച്ച കാലത്ത് താജുൽ ഉലമക്കും എപി ഉസ്താദിനുമൊപ്പം സത്യത്തിന്റെ പാതയിൽ ഉറച്ചുനിന്നവരിൽ ചിത്താരി ഹംസ മുസ്‌ലിയാർ മുമ്പിലുണ്ടായിരുന്നു. അതുപോലും തന്റെ മാർഗദർശിയായ കണ്ണിയത്തോറുടെ സമ്മതവും പൂർണ പൊരുത്തവും വാങ്ങിയിട്ടായിരുന്നുവെന്നതാണ് നാം തിരിച്ചറിയേണ്ടത്" (സുന്നിവോയ്സ് /2018 നവംബർ 16-30/ പേജ് 5).


*(തുടരും)*

ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം 04

# ബിദ്അത്തുകളെല്ലാം വഴികേടു തന്നെ

> സുന്നത്ത് അഥവാ ഹദീസുകൾ ചിലപ്പോൾ വലിയ പ്രമുഖരായ സ്വഹാബിമാർക്ക് ലഭിക്കാതിരിക്കുകയും സാധാരണക്കാരായ സ്വഹാബിമാർ അത് അറിയുകയും ചെയ്യാനും സാധ്യതയുണ്ട്. അതിനാൽ സുന്നത്ത് സ്ഥിരപ്പെട്ടുവന്നശേഷം അതിനെതിരിൽ വന്ന അഭിപ്രായങ്ങൾ ആരുടെത് തന്നെയായാലും, എത്ര ശക്തമാണെങ്കിലും അവയിലേക്ക് തിരിഞ്ഞുനോക്കേണ്ടതില്ല. ഇന്നയിന്ന മഹാന്മാർക്ക് അതെങ്ങനെ അറിയാതെപോയി എന്ന് അത്ഭുതം കൂറേണ്ടതുമില്ല



മാലികി പണ്ഡിതനായ ഇബ്നുൽ അറബി അൽമാലികി(റഹി) പറയുന്നു: "മറഞ്ഞ മയ്യിത്തിനുവേണ്ടിയുള്ള ജനാസ നമസ്കാരം നബി(സ്വ)ക്ക് മാത്രം പ്രത്യേകമായിട്ടുള്ളതാണ് എന്നാണ് മാലികി പണ്ഡിതന്മാർ പറയുന്നത്. എന്നാൽ നാം പറയട്ടെ, നബി(സ്വ) ചെയ്ത കാര്യം ഉമ്മത്തിനും (അഥവാ മറ്റുള്ളവർക്കും) ചെയ്യാവുന്നതാണ്. അതായത്, നബി(സ്വ)ക്ക് മാത്രം പ്രത്യേകമാണ് എന്ന് പറയാതിരിക്കലാണ് അടിസ്ഥാനം (അസ്ൽ). അപ്പോൾ അവർ പറയും 'നബി(സ്വ)ക്ക് മുഅ്ജിസത്തിലൂടെ ഭൂമി ചുരുട്ടപ്പെടുകയും ജനാസ മുന്നിൽ ഹാജരാക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു' എന്ന്. അതിന് നമുക്ക് പറയാനുള്ളത് ഇതാണ്: "നമ്മുടെ റബ്ബ് അതിന് കഴിവുള്ളവനാണ്. നമ്മുടെ പ്രവാചകൻ(സ്വ) അതിന് (ആ മുഅ്ജിസത്തിലൂടെ ആദരിക്കപ്പെട്ടതിനു) യോഗ്യനുമാണ്. എന്നാൽ നിങ്ങൾക്ക് കിട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിലല്ലാതെ നിങ്ങൾ സംസാരിക്കരുത്. നിങ്ങളുടെ സ്വന്തം വകയായി നിങ്ങൾ ഹദീസുണ്ടാക്കരുത്. സ്ഥിരപ്പെട്ട ഹദീസുകൾ വെച്ചല്ലാതെ നിങ്ങൾ സംസാരിക്കരുത്. ദുർബലമായ റിപ്പോർട്ടുകളെ കയ്യൊഴിയുകയും ചെയ്യുക. കണ്ടെത്താൻ കഴിയാത്തത് നശിപ്പിക്കുന്ന ഒരു രീതിയാണത്" (ഫത്ഹുൽ ബാരി 3/189, ശൗക്കാനിയുടെ നൈലുൽ ഔത്വാർ 4/54).

'സ്വലാത്തുൽ വുസ്ത്വാ' (മധ്യമ നമസ്കാരം) ഏതാണെന്ന് നിർണയിക്കുന്ന വിഷയത്തിൽ ഹാഫിദ് ഇബ്നു കസീർ(റഹി) പറയുന്നു: "അത് അസ്ർ നമസ്കാരമാണെന്ന് സുന്നത്തിലൂടെ സ്ഥിരപ്പെട്ടിട്ടുണ്ട്. അതിനാൽ ആ അഭിപ്രായത്തിലേക്ക് മടങ്ങൽ തീർച്ചപ്പെട്ടു." എന്നിട്ട് ഇമാം ശാഫിഈ(റഹി)യുടെ ഈ വാക്കുകൾ അദ്ദേഹം ഉദ്ധരിക്കുന്നു: "ഞാൻ പറഞ്ഞ എതൊരഭിപ്രായത്തിനും എതിരായി നബി(സ്വ)യിൽ നിന്ന് സ്വീകാര്യയോഗ്യമായ (സ്വഹീഹായ) റിപ്പോർട്ട് വന്നാൽ നബി(സ്വ)യുടെ ഹദീസാണ് പിൻപറ്റേണ്ടത്. അല്ലാതെ എന്നെ നിങ്ങൾ 'തക്‌ലീദ്' ചെയ്യരുത്. ഇമാം ഇങ്ങനെയും പറഞ്ഞിട്ടുണ്ട്: "നബി(സ്വ)യുടെ ഹദീസ് സ്ഥിരപ്പെടുകയും അതിനു വ്യത്യസ്തമായി ഞാൻ വല്ലതും പറയുകയും ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ എന്റെ അഭിപ്രായത്തിൽനിന്ന് മടങ്ങുകയും നബി(സ്വ)യുടെ ഹദീസനുസരിച്ച് പറയുകയും ചെയ്തതായി മനസ്സിലാക്കുക."

ശേഷം ഇബ്നു കസീർ(റഹി) പറയുന്നു: "ഇത് അദ്ദേഹത്തിന്റെ മഹത്ത്വവും വിശ്വസ്തതയുമാണറിയിക്കുന്നത്. ഇതുതന്നെയാണ് അദ്ദേഹത്തിന്റെ സമശീർഷരായ ഇമാമുമാരുടെയും നിലപാട്. അല്ലാഹു അവരെയെല്ലാവരെയും തൃപ്തിപ്പെടുകയും അവരിൽ കരുണ ചൊരിയുകയും ചെയ്യുമാറാകട്ടെ, ആമീൻ.



ഇതിനാലാണ് ക്വാദി മാവർദി (റഹി) മധ്യമ നമസ്കാരം (സ്വലാത്തുൽ വുസ്ത്വാ) അസ്ർ നമസ്കാരമാണെന്നു തന്നെയാണ് ഇമാം ശാഫിഈയുടെ അഭിപ്രായമെന്ന് തറപ്പിച്ചുപറഞ്ഞത്. ഇമാം ശാഫിഈ തന്റെ ജദീദായ ക്വൗലിലും (പുതിയ അഭിപ്രായം) മറ്റും അത് സുബ്ഹി നമസ്കാരമാണെന്നാണ് പറഞ്ഞിട്ടുള്ളത് എങ്കിൽ കൂടി- കാരണം മധ്യമ നമസ്കാരം അസ്ർ നമസ്കാരമാണെന്ന് സ്വഹീഹായ ഹദീസുകളിൽ വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ (മാവർദിയുടെ) ഈ രീതിയോട് ശാഫിഈ മദ്ഹബിലെ ഹദീസ് പണ്ഡിതന്മാരിൽ ഒരു വിഭാഗം യോജിച്ചിട്ടുമുണ്ട്. അല്ലാഹുവിന്നാകുന്നു സർവസ്തുതിയും" (തഫ്സീർ ഇബ്നു കസീർ, അൽബക്വറ സൂക്തം 238ന്റെ വിവരണം).

ഇബ്നുഹജർ (റഹി) ഫത്ഹുൽ ബാരിയിൽ പറയുന്നു: "രണ്ട് റകഅത്ത് പൂർത്തിയാക്കി മൂന്നാമത്തെ റക്അത്തിലേക്ക് എഴുന്നേറ്റ് നിൽക്കുമ്പോൾ കൈകൾ രണ്ടും ഉയർത്തണം എന്ന വിഷയത്തിൽ ശാഫിഈ മദ്ഹബിലെ ഹദീസ് പണ്ഡിതനായ ഇബ്നു ഖുസൈമ(റഹി) പറയുന്നു: 'ഇമാം ശാഫിഈ(റഹി) പറഞ്ഞിട്ടില്ലായെങ്കിലും അതാണ് സുന്നത്ത്. കാരണം, ഹദീസ് സ്ഥിരപ്പെട്ടിട്ടുണ്ട്. ഇമാം ശാഫിഈ(റ) ഇങ്ങനെയാണല്ലോ പറഞ്ഞിട്ടുള്ളത്; നിങ്ങൾ സുന്നത്തനുസരിച്ച് വിധി പറയുക, എന്റെ വാക്ക് ഉപേക്ഷിക്കുക" (ഫത്ഹുൽ ബാരി 2/222).

ഇബ്നു ഹജർ(റഹി) ഫത്ഹുൽ ബാരിയിൽ തന്നെ ഉദ്ധരിക്കുന്നു: "ഇബ്നു ഖുസൈമ(റഹി) പറഞ്ഞു: 'നബി(സ്വ)യുടെ സുന്നത്ത് ഇതാണെന്നു മനസ്സിലായ ശേഷം അതിന് എതിരു പറയൽ ഒരു പണ്ഡിതനെ സംബന്ധിച്ചിടത്തോളം ഹറാം(നിഷിദ്ധം) ആണ്" (3/95).

“ഇമാം ശാഫിഈ(റഹി) പറഞ്ഞതായി റബീഇൽ നിന്നും ബൈഹഖി തന്റെ ‘അൽമഅ്രിഫ’യിൽ ഉദ്ധരിക്കുന്നു: ‘രണ്ടു പെരുന്നാളുകൾക്കും സ്ത്രീകൾ (മുസ്വല്ലയിലേക്ക്) പുറപ്പെടണമെന്ന് ഹദീസിൽ വന്നിട്ടുണ്ട്. പ്രസ്തുത ഹദീസ് സ്ഥിരപ്പെട്ടതാണെങ്കിൽ ഞാനതനുസരിച്ച് പറയും.’ ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും അത് ഉദ്ധരിച്ചിട്ടുണ്ട്. അതായത്, ഉമ്മു അത്വിയ്യ(റ)യുടെ ഹദീസ്. അതിനാൽ ശാഫിഈ മദ്ഹബ് അംഗീകരിക്കുന്നവർക്ക് അതനുസരിച്ച് പറയൽ അനിവാര്യമായിരിക്കും” (ഫത്ഹുൽ ബാരി 2/470).

ഒട്ടകമാംസം ഭക്ഷിച്ചശേഷം ‘വുദൂഅ്’ ചെയ്യണമോ എന്ന വിഷയത്തിലെ വ്യത്യസ്ത പണ്ഡിതാഭിപ്രായങ്ങൾ പറഞ്ഞശേഷം ശർഹു മുസ്‌ലിമിൽ (4/49) ഇമാം നവവി(റഹി) പറയുന്നു: “ഇമാം അഹ്മദും ഇസ്ഹാക് ഇബ്നു റാഹവൈഹിയും പറയുന്നു: “ഈ വിഷയത്തിൽ അഥവാ ഒട്ടകമാംസം കഴിച്ചാൽ വുദൂഅ് ചെയ്യണമെന്ന വിഷയത്തിൽ രണ്ട് ഹദീസുകൾ വന്നിട്ടുണ്ട്. ഒന്ന് ജാബിർ(റ) നിവേദനം ചെയ്യുന്നതാണ്. ഈ അഭിപ്രായത്തിനാണ് ഏറ്റവും ശക്തമായ തെളിവുകളുടെ പിൻബലമുള്ളത്; ഭൂരിപക്ഷം അതിന് എതിരാണെങ്കിലും.”

> ഉമർ(റ) തറാവീഹ് നമസ്കാരത്തിൽ ആളുകളെ ഒരു ഇമാമിന്റെ കീഴിലാക്കിയത് ദീനിൽ പുതിയതായി ബിദ്അത്തുണ്ടാക്കിയതല്ല. മറിച്ച് ദീനിൽ സ്ഥിരപ്പെട്ട ഒരു സുന്നത്തിനെ ജീവിപ്പിക്കുകയും പ്രകടമാക്കുകയും മാത്രമാണ് അദ്ദേഹം ചെയ്തത്. കാരണം, നബി(സ്വ) ഏതാനും രാത്രികളിൽ ആളുകളെയും കൂട്ടി റമദാനിൽ രാത്രി നമസ്കാരം (ക്വിയാമുല്ലൈൽ) നിർവഹിച്ചിട്ടുണ്ട്. പിന്നീട് അത് നിർബന്ധമാക്കപ്പെടുമോ എന്ന ഭയത്തിലാണ് തുടരാതിരുന്നത്. അക്കാര്യം ഇമാം ബുഖാരി (ഹദീസ് നമ്പർ 1129ൽ) ഉദ്ധരിച്ചിട്ടുണ്ട്.

‘അല്ലാഹുവല്ലാതെ ആരധനക്കർഹനായി മറ്റാരുമില്ലെന്ന് സാക്ഷ്യം വഹിക്കുന്നതുവരെ യുദ്ധം ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു’ എന്ന, ഇബ്നു ഉമർ(റ) നിവേദനം ചെയ്ത ഹദീസിന്റെ വിവരണത്തിൽ, അബൂബക്റും(റ) ഉമറും(റ) തമ്മിൽ സകാത്ത് നൽകാൻ വിസമ്മതിക്കുന്നവരുടെ കാര്യത്തിൽ എന്ത് ചെയ്യണമെന്ന വിഷയത്തിൽ നടന്ന ചർച്ചയും വാഗ്വാദങ്ങളും ഉദ്ധരിച്ച ശേഷം ഇബ്നു ഹജർ(റഹി) പറഞ്ഞു: “സുന്നത്ത് അഥവാ ഹദീസുകൾ ചിലപ്പോൾ വലിയ പ്രമുഖരായ സ്വഹാബിമാർക്ക് ലഭിക്കാതിരിക്കുകയും സാധാരണക്കാരായ സ്വഹാബിമാർ അത് അറിയുകയും ചെയ്യാനും സാധ്യതയുണ്ടെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. അതിനാൽ സുന്നത്ത് സ്ഥിരപ്പെട്ടുവന്നശേഷം അതിനെതിരിൽ വന്ന അഭിപ്രായങ്ങൾ ആരുടെത് തന്നെയായാലും, എത്ര ശക്തമാണെങ്കിലും അവയിലേക്ക് തിരിഞ്ഞുനോക്കേണ്ടതില്ല. ഇന്നയിന്ന മഹാന്മാർക്ക് അതെങ്ങനെ അറിയാതെപോയി എന്ന് അത്ഭുതം കൂറേണ്ടതുമില്ല” (ഫത്ഹുൽ ബാരി 1/76).

ഫത്ഹുൽ ബാരിയിൽ തന്നെ പറയുന്നു: “ഹജ്ജിന് ബലിയറുക്കാനുള്ള മൃഗങ്ങൾക്ക് അടയാളം വെക്കൽ അനുവദനീയമാണെന്ന് മുൻഗാമികളും പിൻക്കാലക്കാരുമായ ഭൂരിപക്ഷം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ അത് വെറുക്കപ്പെട്ടതാണെന്നു (മക്റൂഹ്) ആണ്. അബൂഹനീഫ(റ) അഭിപ്രായമെന്ന് ഇമാം ത്വഹാവി ഉദ്ധരിക്കുന്നു. മറ്റു പണ്ഡിതന്മാർ നബി(സ്വ)യുടെ ചര്യയെ പിൻപറ്റികൊണ്ട് അങ്ങനെ അടയാളം വെക്കൽ സുന്നത്താണെന്നും അഭിപ്രായപ്പെടുന്നു. എത്രത്തോളമെന്നാൽ ഇമാം അബൂഹനീഫ (റ)യുടെ പ്രമുഖരായ രണ്ട് ശിഷ്യന്മാർ - മുഹമ്മദ്ബ്നുൽ ഹസനും അബൂയൂസുഫും വരെയും അത് നല്ലതാണെന്ന് പറയുന്നു” (ഫത്ഹുൽ ബാരി 3/544)

### ബിദ്അത്തുകളെല്ലാം വഴികെടാകുന്നു; അതിൽ നല്ലതില്ല

ബിദ്അത്തുകളെല്ലാം വഴികേടാണ്. ജാബിർ(റ), ഇർബാദ്(റ) എന്നിവർ ഉദ്ധരിക്കുന്ന നബി(സ്വ)യുടെ വാക്കുകളിൽ നിന്ന് അത് ഗ്രഹിക്കാവുന്നതാണ്. ‘എല്ലാ ബിദ്അത്തുകളും വഴികേടാണ്’ എന്ന നബി വച

നത്തിൽനിന്നുതന്നെ 'ഇസ്‌ലാമിൽ നല്ല ബിദ്അത്തുകളുണ്ട്' എന്ന വാദത്തിന്റെ നിരർഥകത മനസ്സിലാക്കാം.

ഇബ്നു ഉമറിന്റെ(റ) വാക്കിലും ഇത് കാണാം: "എല്ലാ ബിദ്അത്തുകളും വഴികേടാണ്; ജനങ്ങൾ അതിനെ നല്ലതായി കണ്ടാലും."

ആരെങ്കിലും ഇസ്‌ലാമിൽ ഒരു നല്ല ചര്യ നടപ്പിലാക്കിയാൽ അയാൾക്ക് അതിന്റെയും അതിനുശേഷം അതനുസരിച്ച് പ്രവർത്തിക്കുന്നവരുടെയും പ്രതിഫലമുണ്ടായിരിക്കും; അവരുടെ പ്രതിഫലത്തിൽ ഒട്ടും കുറയാതെ തന്നെ. ആരെങ്കിലും ഇസ്‌ലാമിൽ ഒരു ചീത്ത സമ്പ്രദായം തുടങ്ങിവെച്ചാൽ അയാൾക്ക് അതിന്റെയും അതിനുശേഷം അത് പ്രവർത്തിച്ചവരുടെയും പാപഭാരമുണ്ടായിരിക്കും; അവരുടെ പാപഭാരത്തിൽ ഒട്ടും കുറയാതെ തന്നെ" (മുസ്‌ലിം).

ഈ ഹദീസിനെ തെളിവാക്കിക്കൊണ്ട് ഇസ്‌ലാമിൽ നല്ല ബിദ്അത്തുണ്ട് എന്ന് ചിലർ പറയാറുണ്ട്. അതൊരിക്കലും ശരിയല്ല. കാരണം, മേൽപറഞ്ഞ ഹദീസിന്റെ ഉദ്ദേശ്യം ഇസ്‌ലാം അംഗീകരിച്ച ഒരു സൽകർമത്തിലെക്ക് മുന്നിട്ടുചെല്ലലും അതിനെ മറ്റുള്ളവർ മാതൃകയാക്കലുമാണ്. പ്രസ്തുത ഹദീസിന്റെ പശ്ചാത്തലം അത് വ്യക്തമാക്കുന്നുണ്ട്.

മുള്ർ ഗോത്രത്തിൽപെട്ട ഒരു സംഘമാളുകൾ മദീനയിൽ വന്നു. അവരുടെ ദാരിദ്ര്യവും അവശതയും അവരിൽ പ്രകടമായിരുന്നു. അപ്പോൾ നബി(സ്വ) ദാനധർമങ്ങൾക്കായി (സ്വദക്വ) ആളുകളെ പ്രേരിപ്പിച്ചു. അങ്ങനെ അൻസ്വാറുകളിൽപെട്ട ഒരു സ്വഹാബി ഒരു ചാക്ക് നിറയെ സാധനങ്ങളുമായി വന്നു. അയാൾക്ക് സ്വന്തമായി കയ്യിൽ പിടിച്ചു കൊണ്ടുവരാൻ സാധിക്കാത്തയത്രയുണ്ടായിരുന്നു അത്. അങ്ങനെ അയാളുടെ പിന്നാലെ ആളുകൾ ഓരോരുത്തരായി ദാനധർമങ്ങൾ ചെയ്തുകൊണ്ടിരുന്നു. അപ്പോഴാണ്'ആരെങ്കിലും ഇസ്‌ലാമിൽ ഒരു നല്ല ചര്യ നടപ്പിലാക്കിയാൽ...' എന്ന വചനം നബി (സ്വ) പറഞ്ഞത്.

(ഏതെങ്കിലും ഒരു പ്രദേശത്ത്) നബി(സ്വ)യുടെ സ്ഥിരപ്പെട്ട ഒരു സുന്നത്ത് പ്രകടമായി കാണാതിരിക്കുകയും അങ്ങനെ ആരെങ്കിലും പ്രസ്തുത സുന്നത്തിനെ അവർക്കിടയിൽ പ്രയോഗവൽക്കരിക്കുകയും അതുവഴി അതിനെ ജീവിപ്പിക്കുകയും ചെയ്താൽ അയാൾക്ക് ആ പ്രതിഫലമുണ്ടായിരിക്കുമെന്നാണ് ഹദീസിന്റെ താൽപര്യം. അല്ലാതെ മതത്തിൽ പുതിയതായ ആചാര-അനുഷ്ഠാനങ്ങൾ ഉണ്ടാക്കുന്നതിന് അതൊരിക്കലും തെളിവാകുകയില്ല. കാരണം, നബി(സ്വ)തന്നെ പറഞ്ഞിട്ടുണ്ട്; 'ആരെങ്കിലും നമ്മുടെ ഈ മതകാര്യങ്ങളിൽ അതിലില്ലാത്തത് പുതുതായി കടത്തിക്കൂട്ടിയാൽ അത് തള്ളപ്പെടേണ്ടതാണ്' എന്ന്.

ഇസ്‌ലാമിക ശരീഅത്ത് സമ്പൂർണമാണ്. ഇനി അതിലേക്ക് ഒന്നും കൂട്ടിച്ചേർക്കേണ്ടതില്ല. മതത്തിൽ പുതിയതായി ബിദ്അത്തുകൾ ഉണ്ടാക്കുന്നതിലൂടെ അതിന്റെ സമ്പൂർണതയെ നിരാകരിക്കുകയും അതിന്റെ പൂർണതയിൽ സംശയം പ്രകടിപ്പിക്കുകയുമാണ് ചെയ്യുന്നത്. 'എല്ലാ ബിദ്അത്തുകളും വഴികേടാണ്, ജനങ്ങൾ അവയെ നല്ലതായി കണ്ടാലും' എന്ന, ഇബ്നു ഉമറിന്റെ(റ) വാചകം നേരത്തെ ഉദ്ധരിച്ചത് ഓർക്കുക.

അപ്രകാരം തന്നെ ഇമാം മാലിക്(റഹി) പറയുന്നു: "ആരെങ്കിലും ഇസ്‌ലാമിൽ നല്ലതായി കണ്ടുകൊണ്ട് വല്ല ബിദ്അത്തും ഉണ്ടാക്കിയാൽ മുഹമ്മദ് നബി(സ്വ) തന്റെ ദൗത്യത്തിൽ വഞ്ചന കാണിച്ചു എന്നാണ് അയാൾ അതിലൂടെ ജൽപിക്കുന്നത്. കാരണം, അല്ലാഹു പറഞ്ഞിരിക്കുന്നു: 'ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു.' അതിനാൽ അന്ന് ദീനല്ലാത്തത് ഇന്ന് ദീനാകുകയില്ല.

എന്നാൽ ഉമർ(റ) തറാവീഹ് നമസ്കാരത്തിൽ ആളുകളെ ഒരു ഇമാമിന്റെ കീഴിലാക്കിയത് ദീനിൽ പുതിയതായി ബിദ്അത്തുണ്ടാക്കിയതല്ല. മറിച്ച് ദീനിൽ സ്ഥിരപ്പെട്ട ഒരു സുന്നത്തിനെ ജീവിപ്പിക്കുകയും പ്രകടമാക്കുകയും മാത്രമാണ് അദ്ദേഹം ചെയ്തത്. കാരണം, നബി(സ്വ) ഏതാനും രാത്രികളിൽ ആളുകളെയും കൂട്ടി റമദാനിൽ രാത്രി നമസ്കാരം (ക്വിയാമുല്ലൈൽ) നിർവഹിച്ചിട്ടുണ്ട്. പിന്നീട് അത് നിർബന്ധമാക്കപ്പെടുമോ എന്ന ഭയത്തിലാണ് തുടരാതിരുന്നത്. അക്കാര്യം ഇമാം ബുഖാരി (ഹദീസ് നമ്പർ 1129ൽ) ഉദ്ധരിച്ചിട്ടുണ്ട്. നബി(സ്വ) വഫാത്താകുകയും വഹ്‌യ് നിലച്ചതിലൂടെ ഇനി അത് നിർബന്ധമാക്കപ്പെടുമെന്ന ആശങ്ക നീങ്ങുകയും തറാവീഹ് നമസ്കാരം ജമാഅത്തായി നമസ്കരിക്കൽ ഒരു സുന്നത്തായി നിലനിൽക്കുകയും ചെയ്തപ്പോഴാണ് ഉമർ(റ) അപ്രകാരം ചെയ്തത്.

എന്നാൽ ഉമർ(റ) പ്രസ്തുത തറാവീഹ് നമസ്കാരത്തെ കുറിച്ച് 'ഇത് എത്ര നല്ല ബിദ്അത്ത് (നിഅ്മൽ ബിദ്അത്തു ഹാദിഹി) എന്നു പറഞ്ഞത് മതത്തിലെ പുതുനിർമിതിയായ ബിദ്അത്ത് എന്ന അർഥത്തിലല്ല, മറിച്ച് ഭാഷാർഥത്തിലുള്ള 'ബിദ്അത്ത്' അഥവാ ആളുകൾക്കിടയിൽ പരിചയമില്ലാതിരുന്ന ഒരു സുന്നത്ത് പുതുക്കി ജീവിപ്പിച്ചു കാണിച്ചു എന്ന അർഥത്തിലാണ്.

*(തുടരും)*

# സൂറ: സ്വാദ്

(മക്കയില്‍ അവതരിച്ചത്)

അധ്യായം 38

അബ്ദുര്‍റഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവര്‍ത്തനം: ഹാരിസ് ബിന്‍ സലീം
:95444 92089

30. ദാവൂദിന് നാം സുലൈമാനെ(പുത്രന്‍) പ്രദാനം ചെയ്തു. വളരെ നല്ല ദാസന്‍! തീര്‍ച്ചയായും അദ്ദേഹം (അല്ലാഹുവിങ്കലേക്ക്) ഏറ്റവും അധികം ഖേദിച്ചുമടങ്ങുന്നവനാകുന്നു.

31. കുതിച്ചോടാന്‍ തയ്യാറായി നില്‍ക്കുന്ന വിശിഷ്ടമായ കുതിരകള്‍ വൈകുന്നേരം അദ്ദേഹത്തിന്റെ മുമ്പില്‍ പ്രദര്‍ശിപ്പിക്കപ്പെട്ട സന്ദര്‍ഭം.

32. അപ്പോള്‍ അദ്ദേഹം പറഞ്ഞു: 'എന്റെ രക്ഷിതാവിന്റെ സ്മരണയുടെ അടിസ്ഥാനത്തിലാണ് ഐശ്വര്യത്തെ ഞാന്‍ സ്നേഹിച്ചിട്ടുള്ളത്.' അങ്ങനെ അവ (കുതിരകള്‍) മറവില്‍ പോയി മറഞ്ഞു.

33. (അപ്പോള്‍ അദ്ദേഹം പറഞ്ഞു:) 'നിങ്ങള്‍ അവയെ എന്റെ അടുത്തേക്ക് തിരിച്ചു കൊണ്ടുവരൂ.' എന്നിട്ട് കണങ്കാലുകളിലും കഴുത്തുകളിലും തടവാന്‍ തുടങ്ങി.

34. സുലൈമാനെ നാം പരീക്ഷിക്കുകയു ണ്ടായി. അദ്ദേഹത്തിന്റെ സിംഹാസനത്തിന്മേല്‍ നാം ഒരു ജഡത്തെ ഇടുകയും ചെയ്തു. പിന്നീട് അദ്ദേഹം താഴ്മയുള്ളവനായി മടങ്ങി.

35. അദ്ദേഹം പറഞ്ഞു: 'എന്റെ രക്ഷിതാവേ, നീ എനിക്ക് പൊറുത്തുതരികയും എനിക്കുശേഷം ഒരാള്‍ക്കും തരപ്പെടാത്ത ഒരു രാജവാഴ്ച നീ എനിക്ക് പ്രദാനം ചെയ്യുകയും ചെയ്യേണമേ. തീര്‍ച്ചയായും നീ തന്നെയാണ് ഏറ്റവും വലിയ ദാനശീലന്‍.'

36. അപ്പോള്‍ അദ്ദേഹത്തിന് കാറ്റിനെ നാം കീഴ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിന്റെ കല്‍പനപ്രകാരം അദ്ദേഹം ലക്ഷ്യമാക്കിയേടത്തേക്ക് സൗമ്യമായ നിലയില്‍ അത് സഞ്ചരിക്കുന്നു.

37. എല്ലാ കെട്ടിടനിര്‍മാണ വിദഗ്ധരും മുങ്ങല്‍ വിദഗ്ധരുമായ പിശാചുക്കളെയും (അദ്ദേഹത്തിന്നു കീഴ്പെടുത്തിക്കൊടുത്തു).

38. ചങ്ങലകളില്‍ ബന്ധിക്കപ്പെട്ട മറ്റു ചിലരെ(പിശാചുക്കളെ)യും (അധീനപ്പെടുത്തിക്കൊടുത്തു).

39. ഇത് നമ്മുടെ ദാനമാകുന്നു. ആകയാല്‍ നീ ഔദാര്യം ചെയ്യുകയോ കൈവശം വെച്ചുകൊള്ളുകയോ ചെയ്യുക. കണക്കു ചോദിക്കല്‍ ഉണ്ടാവില്ല. (എന്ന് നാം സുലൈമാനോട് പറയുകയും ചെയ്തു).

40. തീര്‍ച്ചയായും അദ്ദേഹത്തിന് നമ്മുടെയടുക്കല്‍ സാമീപ്യമുണ്ട്. മടങ്ങിയെത്താന്‍ ഉത്തമമായ സ്ഥാനവും.

وَوَهَبْنَا لِدَاوُۥدَ سُلَيْمَٰنَ ۚ نِعْمَ ٱلْعَبْدُ ۖ إِنَّهُۥٓ
أَوَّابٌ ﴿٣٠﴾

إِذْ عُرِضَ عَلَيْهِ بِٱلْعَشِىِّ ٱلصَّٰفِنَٰتُ ٱلْجِيَادُ ﴿٣١﴾

فَقَالَ إِنِّىٓ أَحْبَبْتُ حُبَّ ٱلْخَيْرِ عَن ذِكْرِ رَبِّى
حَتَّىٰ تَوَارَتْ بِٱلْحِجَابِ ﴿٣٢﴾

رُدُّوهَا عَلَىَّ ۖ فَطَفِقَ مَسْحًۢا بِٱلسُّوقِ وَٱلْأَعْنَاقِ
﴿٣٣﴾

وَلَقَدْ فَتَنَّا سُلَيْمَٰنَ وَأَلْقَيْنَا عَلَىٰ كُرْسِيِّهِۦ جَسَدًا
ثُمَّ أَنَابَ ﴿٣٤﴾

قَالَ رَبِّ ٱغْفِرْ لِى وَهَبْ لِى مُلْكًا لَّا يَنۢبَغِى
لِأَحَدٍ مِّنۢ بَعْدِىٓ ۖ إِنَّكَ أَنتَ ٱلْوَهَّابُ ﴿٣٥﴾

فَسَخَّرْنَا لَهُ ٱلرِّيحَ تَجْرِى بِأَمْرِهِۦ رُخَآءً حَيْثُ
أَصَابَ ﴿٣٦﴾

وَٱلشَّيَٰطِينَ كُلَّ بَنَّآءٍ وَغَوَّاصٍ ﴿٣٧﴾

وَءَاخَرِينَ مُقَرَّنِينَ فِى ٱلْأَصْفَادِ ﴿٣٨﴾

هَٰذَا عَطَآؤُنَا فَٱمْنُنْ أَوْ أَمْسِكْ بِغَيْرِ حِسَابٍ ﴿٣٩﴾

وَإِنَّ لَهُۥ عِندَنَا لَزُلْفَىٰ وَحُسْنَ مَـَٔابٍ ﴿٤٠﴾

30). ദാവൂദ് നബി(അ)യെ പുകഴ്ത്തുമ്പോ ൾ അദ്ദേഹവുമായി ബന്ധപ്പെട്ട കാര്യങ്ങളും പറയുന്നുണ്ട്. അദ്ദേഹത്തിന്റെ പുത്രൻ സുലൈമാൻ നബി(അ)യെക്കൂടി പരാമർശിക്കുന്നു. (ദാവൂദിന് നാം സുലൈമാനെ പുത്രനായിപ്രദാനം ചെയ്തു) അദ്ദേഹത്തിന് അനുഗ്രഹമായി, കൺകുളിർമ നൽകാൻ.

(വളരെ നല്ല ദാസൻ) സുലൈമാൻ(അ). പ്രശംസിക്കപ്പെടേണ്ട ഗുണങ്ങൾ അദ്ദേഹത്തിന്നുണ്ട്. അദ്ദേഹം (ധാരാളമായി ഖേദിച്ച് മടങ്ങുന്നവനാകുന്നു) ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും അല്ലാഹുവിലേക്ക് മടങ്ങുന്നവൻ; ആരാധനയും പശ്ചാത്താപവും സ്നേഹവും സ്മരണയും പ്രാർഥനയും വിനയുംകൊണ്ടെല്ലാം. എല്ലാറ്റിനെക്കാളും അവന്റെ തൃപ്തിക്ക് മുൻഗണന നൽകി അതിൽ അദ്ധ്വാനിക്കുന്നവൻ.

31). (കുതിച്ചോടാൻ തയ്യാറായി നിൽക്കു ന്ന വിശിഷ്ടമായ കുതിരകൾ വൈകുന്നേരം അദ്ദേഹത്തിന്റെ മുന്നിൽ പ്രദർശിപ്പിക്കപ്പെട്ട സന്ദർഭം) ഇവിടെ കുതിച്ചോടാൻ തയ്യാറായി നിൽക്കുന്ന വിശിഷ്ടമായ കുതിരകൾ എന്നു പറഞ്ഞത് നല്ല കുതിരകളെയാണ്. അവയുടെ പ്രത്യേകതകളിൽ ഒന്ന് അവ മൂന്ന് കാലുകളിന്മേൽ നിൽക്കുന്നു എന്നതാണ്. അവയ്ക്ക് മനോഹാരിതയുണ്ടായിരുന്നു; വിസ്മയിപ്പിക്കുന്ന ഭംഗിയും. പ്രത്യേകിച്ചും അവയെ ഇഷ്ടപ്പെടുന്ന രാജാക്കന്മാർക്ക്. സൂര്യൻ മായുന്നതുവരെ അവയെ നോക്കിയിരുന്നു. അങ്ങനെ വൈകുന്നേരം പ്രാർഥനയിൽനിന്നും ദിക് റിൽനിന്നും അശ്രദ്ധനായി.

32). തനിക്ക് സംഭവിച്ചുപോയതിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടും അല്ലാഹുവിനെ സ്മരിക്കുന്നതിൽ വന്ന വീഴ്ച പരിഹരിച്ച് അവനിലേക്ക് അടുക്കാനും മറ്റുള്ളവയോട് ഉള്ളതിനേക്കാൾ സ്നേഹം അല്ലാഹുവോട് പ്രകടിപ്പിക്കാനും. അദ്ദേഹം പറഞ്ഞു: (എന്റെ രക്ഷിതാവിന്റെ സ്മരണവിട്ട് ഐശ്വര്യത്തോടുള്ള പ്രിയത്തിൽ ഞാൻ മുഴുകിപ്പോയി). അങ്ങനെ അത് (സൂര്യൻ) മറവിൽ പോയി മറഞ്ഞു) അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് മറഞ്ഞു.

33) (നിങ്ങൾ അവയെ എന്റെ അടുത്തേക്ക് തിരിച്ചുകൊണ്ടുവരൂ) അങ്ങനെ അവയെ തിരിച്ചുകൊണ്ടുവന്നു. (എന്നിട്ട് ആരംഭിച്ചു) അവയെ ചെയ്യാൻ തുടങ്ങി. (കണങ്കാലുകളും കഴുത്തുകളും വെട്ടുവാൻ തുടങ്ങി) തന്റെ വാളുകൊണ്ട് അവയെ അറുക്കാൻ തുടങ്ങി; കഴുത്തിലും കണങ്കാലുകളിലുമായി.

34). (സുലൈമാനെ നാം പരീക്ഷിക്കുകയുണ്ടായി) അദ്ദേഹത്തെ നാം പരിശോധിക്കുകയും പരീക്ഷിക്കുകയും ചെയ്തു. മനുഷ്യന് പ്രകൃതിപരമായി സംഭവിക്കാവുന്ന കാരണങ്ങളിലൂടെ. അതായത് അദ്ദേഹത്തിന്റെ അധികാരവും നഷ്ടപ്പെടുത്തിക്കൊണ്ട്. (അദ്ദേഹത്തിന്റെ സിംഹാസനത്തിനുമേൽ നാം ഒരു ജഡത്തെ ഇടുകയും ചെയ്തു) ആ പരീക്ഷണ വേളയിൽ അദ്ദേഹത്തിന്റെ സിംഹാസനത്തിൽ ഒരു പിശാചിനെ ഇരുത്തുവാൻ അല്ലാഹു തീരുമാനിച്ചു. അവൻ ഭരണകാര്യങ്ങൽ നിയന്ത്രിച്ചു. (പിന്നീട് അദ്ദേഹം താഴ്മയുള്ളവനായി മടങ്ങി) സുലൈമാൻ നബി(അ) അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങി

35-38). (അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് പൊറുത്തുതരിക യും എനിക്കുശേഷം ഒരാൾക്കും തരപ്പെടാത്ത ഒരു രാജവാഴ്ച നീ എനിക്ക് പ്രദാനം ചെയ്യുകയും ചെയ്യേണമേ. തീർച്ചയാ യും നീ തന്നെയാണ് ഏറ്റവും നന്നായി നൽകുന്നവൻ). അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥന കേട്ട് പൊറുത്തുകൊടുക്കുകയും ചെയ്തു. അധികാരം തിരിച്ചുനൽകി. തനിക്കുശേഷം മറ്റൊരാൾക്കും കരസ്ഥമാക്കാൻ കഴിയാത്ത അധികാരവും നൽകി. അതിൽ പെട്ടതാണ് പിശാചുക്കളെ കീഴ്പ്പെടുത്തിക്കൊടുത്തത്. അദ്ദേഹത്തിന് ആവശ്യമുള്ളത് അവയെക്കൊണ്ട് നിർമാണം നടത്തിച്ചു, കടലുകളിൽ അദ്ദേഹത്തിനുവേണ്ടി അവർ മുങ്ങും. എന്നിട്ട് മുത്തും ആഭരണങ്ങളും പുറത്തെടുക്കും. ആരെങ്കിലും അനുസരിക്കാതിരുന്നാൽ അവനെ ചങ്ങലകളിൽ ബന്ധിക്കും.

39). നാം അദ്ദേഹത്തോടു പറഞ്ഞു: (ഇത് നമ്മുടെ ദാനമാകുന്നു) അതിനാൽ നീ സന്തോഷിക്കുക. (ആകയാൽ നീ ഔദാര്യം ചെയ്യുക) ആർക്ക് വേണമെങ്കിലും. (കൈവശം വെച്ചുകൊള്ളുകയോ ചെയ്യുക) ഉദ്ദേശിക്കുന്നവർക്ക്. (കണക്കു ചോദിക്കൽ ഉണ്ടാവില്ല) അങ്ങനെ ചെയ്യുന്നതിൽ താങ്കൾക്ക് പ്രശ്നമില്ല. ചോദിക്കപ്പെടുകയുമി ല്ല. അവന്റെ വിധികൾ നന്മ നിറഞ്ഞതും അവൻ പൂർണ നീതിമാനും എല്ലാം അറിയുന്നവനും ആയതിനാലാണത്.

40). ഇതെല്ലാം സുലൈമാൻ നബി(അ) ക്ക് ഇവിടെ മാത്രമുള്ളതാണെന്ന് ധരിക്കരുത്. പരലോകത്ത് ഇതിനെക്കാൾ വലിയ നേട്ടങ്ങൾ വരാനിരിക്കുന്നു. അതാണ് അ ല്ലാഹു പറഞ്ഞത്: (തീർച്ചയായും അദ്ദേഹത്തിന് നമ്മുടെയടുക്കൽ സാമീപ്യമുണ്ട്, മടങ്ങിയെത്താൻ ഉത്തമമായ സ്ഥാനവും) അദ്ദേഹം അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ചവനും ധാരാളം ആദരവുകൾ നൽകി അല്ലാഹു ആദരിച്ചവനുമാകുന്നു. ■

അൻവർ കണ്ണീരി, അമ്മിനിക്കാട്



# പുനഃസംഗമങ്ങളിലെ ക്രിയാത്മകതയും അധാർമികതയും

അടുത്ത കാലത്തായി സ്കൂളുകളിലും കോളേജുകളിലും പൂർവ വിദ്യാർഥി സംഗമങ്ങൾ വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം സംഗമങ്ങളെക്കുറിച്ചുള്ള സമൂഹത്തിന്റെ വിലയിരുത്തലുകൾ അത്ര നല്ല രൂപത്തിലുള്ളതല്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതിന് വ്യക്തമായ കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുമുണ്ട്. അത് വഴിയെ പറയാം.

പുനഃസംഗമങ്ങളിലെ ക്രിയാത്മകമായ ഇടപെടലുകൾ സമൂഹം തിരിച്ചറിയേണ്ടതുണ്ട്. ഒരു ബാച്ചിലുള്ളവരോ ഒരു ക്ലാസ്സിൽ പഠിച്ചവരോ ഒരുമിച്ചുകൂടി കുറച്ചുസമയം ഒന്നിച്ചിരിക്കുന്നു. ഓർമകൾ പങ്കുവയ് ക്കുന്നു. ഭക്ഷണം കഴിച്ചു പിരിയുന്നു. ചെലവ് എല്ലാവരുംകൂടി വഹിക്കുന്നു. ഇതാണ് ഒരു ഇനം കൂടിച്ചേരൽ. അതേസമയം ചാരിറ്റിയുടെ വിശാല ലോകത്തേക്ക് കടക്കുന്ന കൂ

ടിച്ചേരലുകളും നടക്കുന്നുണ്ട്. കൂടെ പഠിച്ചവരിൽ രോഗികളായ, ചികിത്സിക്കാൻ കാശില്ലാതെ പ്രയാസപ്പെടുന്നവരെ കണ്ടെത്തി സഹായം നൽകുവാൻ, വീടില്ലാത്തവർക്ക് വീടുണ്ടാക്കിക്കൊടുക്കുവാൻ... അങ്ങനെ ഗുണപരമായ പല കാര്യങ്ങൾക്കും വേണ്ടി കൂടിച്ചേരലുകൾ ഉപയോഗിക്കുന്നവരുണ്ട്. ഇത്തരം സമീപനങ്ങളെ നിരുൽസാഹപ്പെടുത്തുകയല്ല വേണ്ടത്. മുടക്കുന്ന പണം എത്രയെന്നതിനപ്പുറത്തേക്ക് ആ സൽപ്രവർത്തനത്തിൽ മൂല്യം കണ്ടെത്തുകയാണ് നല്ല സമീപനം.

'പുനർമിലൻ' എന്ന വ്യത്യസ്തമായ നാമകരണത്തിൽ ഇരുപത് വർഷങ്ങൾക്കിപ്പുറം പഴയ പത്താം ക്ലാസ്സുകാർ ഒരുമിച്ചുകൂടി. നടന്നുകൊണ്ടിരിക്കുന്ന പതിവു സംഗമങ്ങളിൽനിന്ന് തങ്ങളുടെ കൂടിച്ചേരൽ എങ്ങനെ വ്യത്യസ്തമാക്കാം എന്ന് അവർ ഏറെ ചിന്തിച്ചു. പരിചയം പുതുക്കി. പെൺകുട്ടികളിൽ മിക്കവരും പത്താം ക്ലാസ്സോടെ പഠനം അവസാനിപ്പിച്ചവരും ആ പ്രായത്തിൽ വിവാഹം കഴിഞ്ഞവരുമാണെന്ന് തുറന്നു പറഞ്ഞു. പലർക്കും പത്താം ക്ലാസ്സിനു മുമ്പേ പഠനം അവസാനിപ്പിക്കേണ്ടി വന്നിട്ടുമുണ്ട്.

ഇത് മനസ്സിലാക്കിയപ്പോഴാണ് ആ വർഷത്തെ എസ്എസ്എൽസി മുഴുവൻ ഡിവിഷനുകളുടെയും പുനസംഗമത്തിന്റെ ലക്ഷ്യങ്ങളിലൊന്ന് ഒരു അക്കാദമിക് ഡസ്ക് രൂപീകരിക്കലായി മാറിയത്. കൂട്ടത്തിലുള്ള, പത്താം ക്ലാസ്സ്, പ്ലസ് ടു, ഡിഗ്രി പൂർത്തിയാക്കാൻ കഴിയാത്ത പഴയ സഹപാഠികളെ തുല്യതാപരീക്ഷയിലൂടെ ഉയർത്തിക്കൊണ്ടുവരാൻ തീരുമാനിച്ചത്. ഈ തീരുമാനത്തിന് ഏറെ സ്വീകാര്യത ലഭിച്ചു.

പണം വാരിയെറിഞ്ഞ് മറ്റുള്ളവരെക്കൊണ്ട് 'ഗ്രാൻഡ് പരിപാടി' എന്ന് പറയിപ്പിക്കുന്നതിനപ്പുറം പഠിപ്പിച്ചിരുന്ന അധ്യാപകരെയെല്ലാം ക്ഷണിച്ചു, അവർക്ക് അർഹമായ ആദരവും പരിഗണനയും നൽകി, കുടുംബിനികളായി വീടകങ്ങളിൽ ഒതുങ്ങിയ സഹോദരിമാരെ ആദരിച്ചു. പങ്കെടുത്ത എല്ലാവർക്കും വീട്ടിൽ എന്നും സൂക്ഷിക്കാൻ പാകത്തിൽ ഒരു ഉപഹാരവും കൂടി നൽകിയപ്പോൾ അവർ പ്രകടിപ്പിച്ച സന്തോഷം അനിർവചനീയ അനുഭൂതിയാണ് സമ്മാനിച്ചത്. കേരളത്തിലെ മികച്ച ഒരു പോലീസുകാരനെക്കൊണ്ട് ഏറ്റവും അപകടം നിറഞ്ഞ ലഹരിയെ ആസ്പദമാക്കി ഒരു മണിക്കൂറോളം സംസാരിപ്പിച്ചു. ഈ ക്രിയാത്മക സമീപനത്തെ എല്ലാവരും ഏറെ പ്രശംസിച്ചു.

കൂട്ടത്തിലുള്ളവരെ ആവശ്യ സാഹചര്യങ്ങളിൽ സഹായിക്കൽ, അടിയന്തിര ചികിത്സാ സഹായം നൽകൽ, ഉറ്റവർ മരണപ്പെട്ടാൽ സഹപാഠികളെ ആശ്വസിപ്പിക്കൽ; ആവശ്യമെങ്കിൽ സാമ്പത്തിക സഹായം നൽകൽ, സഹപാഠികളുടെ മക്കളുടെ വിവാഹ വേളയിൽ സന്ദർശിച്ചു കഴിയുന്ന സഹായം നൽകൽ

> പുനഃസംഗമങ്ങളിലെ ക്രിയാത്മകമായ ഇടപെടലുകൾ സമൂഹം തിരിച്ചറിയേണ്ടതുണ്ട്. അധാർമികതയിലേക്ക് നയിക്കുന്ന, ദാമ്പത്യജീവിതത്തിൽ വിള്ളലുണ്ടാക്കുന്ന കൂടിച്ചേരലുകൾ ഉണ്ടായിക്കൂടാ. എന്നാൽ അറിവിന്റെ അടഞ്ഞ വാതിലുകൾ തുറന്നുകൊടുക്കാൻ കഴിയുന്ന, കൂട്ടുകാർക്കും നാടിനും പഠിച്ച സ്ഥാപനത്തിനുമൊക്കെ ഉപകാരപ്രദമായ കൂടിച്ചേരലുകളെ ആക്ഷേപിച്ചുകൂടാ.

പോലുള്ളതെല്ലാം ഗുണകരമായ സമീപനങ്ങളാണ്.

ഇന്ന് നടക്കുന്ന പുനഃസംഗമങ്ങൾ അപകടത്തിലേക്കുള്ള പോക്കാണെന്ന് സമൂഹം വിലയിരുത്തുന്നത് കാണാതിരുന്നുകൂടാ. പഠിച്ചിരുന്ന കാലത്തെ അപക്വതയിലേക്ക് മടങ്ങാനുള്ള ശ്രമമാണ് അപകടം വിളിച്ചുവരുത്തുന്നത്. താനിന്ന് കൗമാര ചാപല്യങ്ങളുള്ള വിദ്യാർഥിയല്ലെന്നും മുപ്പതോ നാൽപതോ അതിലേറെയോ വയസ്സായ ഒരു ഭർത്താവാണ്/ഭാര്യയാണ്/മക്കളും പേരമക്കളുമുള്ള വ്യക്തിയാണ് എന്ന പൂർണമായ ബോധ്യം എല്ലാവർക്കും വേണം. കൗമാര കാലത്തെ സഹപാഠിയെ കാണുമ്പോഴേക്കും താനൊരു കുടുംബനാഥയാണെന്നോ കുടുംബനാഥനാണെന്നോ ഉള്ള യാഥാർഥ്യം മറന്ന് പ്രണയത്തിലാകുന്നതും ഒളിച്ചോടുന്നതുമായ സംഭവങ്ങളിലേക്ക് പൂർവ വിദ്യാർഥി സംഗമങ്ങൾ നയിച്ചതിന്റെ വാർത്തകൾ പലതും നാം കേട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഈ സംഗമങ്ങൾ അപകടം വിളിച്ചുവരുത്തുന്നതാണ് എന്ന് സമൂഹം വിധിയെഴുതുന്നത്.

എന്തിനും പിന്നിൽ ഗുണവും ദോഷവുമുണ്ടല്ലോ. സ്വന്തത്തെ നിയന്ത്രിക്കാനും പ്രായത്തിന്റെ പക്വത കാണിക്കാനും കഴിയാത്തവർ എവിടെ ചെന്നു കഴിഞ്ഞാലും പ്രശ്നക്കാരായിരിക്കും. ദുരുദ്ദേശ്യത്തോടെ മാത്രം പൂർവ വിദ്യാർഥി സംഗമങ്ങളിൽ പങ്കെടുക്കുന്നവരുമുണ്ടാകാം. ഇത്തരക്കാരാണ് പുനഃസംഗമങ്ങൾ മൊത്തം ആക്ഷേപിക്കപ്പെടാൻ കാരണക്കാരാകുന്നത്.

ചുരുക്കത്തിൽ, അധാർമികതയിലേക്ക് നയിക്കുന്ന, ദാമ്പത്യജീവിതത്തിൽ വിള്ളലുണ്ടാക്കുന്ന കൂടിച്ചേരലുകൾ ഉണ്ടായിക്കൂടാ. എന്നാൽ അറിവിന്റെ അടഞ്ഞ വാതിലുകൾ തുറന്നുകൊടുക്കാൻ കഴിയുന്ന, കൂട്ടുകാർക്കും നാടിനും പഠിച്ച സ്ഥാപനത്തിനുമൊക്കെ ഉപകാരപ്രദമായ കൂടിച്ചേരലുകളെ ആക്ഷേപിച്ചുകൂടാ.

ശാഹുൽ പാലക്കാട്
: 97478 90521

ദൈവാസ്തിത്വവും ഭൗതിക സമവാക്യങ്ങളും 03


# അനിവാര്യമായ ഒരു അസ്തിത്വം

കണ്ടിൻജൻസി ആർഗ്യുമെന്റ് ഉപയോഗിച്ച് ദൈവത്തെ സ്ഥാപിക്കുന്നതിനുള്ള ആദ്യപടിയാണ് ഒരു അനിവാര്യ കാരണം നിലനിന്നിരിക്കണം എന്ന് സ്ഥാപിക്കുന്നത്. സ്വയം നിലനിൽപുള്ള അനിവാര്യമായ ആ അസ്തിത്വം ദൈവമായിരിക്കേണ്ടതുണ്ട് എന്നു സ്ഥാപിക്കുന്നത് അതിന്റെ രണ്ടാമത്തെ ഭാഗമായാണ്.

**അനിവാര്യ കാരണം**

സ്വയം നിലനിൽക്കൽ അനിവാര്യമായത് എന്ന് ഇതിനെ ലളിതമായി പരിചയപ്പെടുത്താം (could not have failed to exist). ഇതിന്റെ നിലനിൽപ് മറ്റൊന്നിനെ ആശ്രയിച്ചുണ്ടാകുന്നതല്ല എന്നതിനാൽ അതിന്റെ നിലനിൽപിനെ യാതൊന്നും ബാധിക്കുന്നില്ല. അത്തരമൊന്ന് നിലനിൽക്കാതിരിക്കലും സംഭവ്യമല്ല. 'നിലനിൽക്കാതിരിക്കാൻ പൊട്ടെൻഷ്യൽ ഇല്ലാത്തത്' എന്ന് അലക്സാണ്ടർ പ്രസ്സ് ഇതിനെ പരിചയപ്പെടുത്തുന്നു. തത്ത്വചിന്തയിൽ ഇത്തരം ഒരു അസ്തിത്വത്തിനുള്ള വിശദീകരണം സെൽഫ് എക്സ്പ്ലനേറ്ററി ആണെന്ന് പറയപ്പെടുന്നു. അഥവാ മറ്റൊന്നും കാരണമായി ഉണ്ടായതല്ലാതെ അത്തരമൊരു അസ്തിത്വം നിലനിൽക്കുന്നതിനുള്ള വിശദീകരണം അതിന്റെ സ്വന്തത്തിൽതന്നെ അടങ്ങിയിരിക്കുന്നു.

അനിവാര്യമായ ഒരു അസ്തിത്വം നിലനിൽക്കുന്നുവെന്ന് വാദിച്ചാൽതന്നെ അതെന്തുകൊണ്ട് നിലനിൽക്കുന്നു എന്ന് ചോദിക്കാമല്ലോ! അതിന് ഉത്തരമായാണ് തത്ത്വചിന്തകനായ അലക്സാണ്ടർ പ്രസ്സ് സെൽഫ് എക്സ്പ്ലനേറ്ററി എന്ന ആശയം പരിചയപ്പെടുത്തുന്നത്. ഉദാ: പൂജ്യം പൂജ്യത്തിന് അനിവാര്യമായും തുല്യമാണ് (0=0), ത്രികോണങ്ങൾക്ക് അനിവാര്യമായും മൂന്നു വശങ്ങൾ ഉണ്ടാകും തുടങ്ങിയ തത്ത്വങ്ങൾ നോക്കുക. ത്രികോണത്തിന് എന്തുകൊണ്ട് മൂന്നു വശം എന്നോ, എന്തുകൊണ്ട് പൂജ്യം പൂജ്യത്തിന് തുല്യമായിരിക്കുന്നു എന്നോ ചോദിക്കുന്നതിൽ അർഥമില്ല! കാരണം അവ അങ്ങ



നെയാവേണ്ടത് അതിന്റെ അനിവാര്യ പ്രകൃതംകൊണ്ടാണ്. എന്നപോലെ അനിവാര്യമായും നിലനിന്നിരിക്കുക എന്ന ഗുണവും ഒരു അസ്തിത്വത്തിന്റെ അടിസ്ഥാന പ്രകൃതമാകാം.

ഇവിടെ എന്താണ് 'വിശദീകരണം' എന്നുകൂടെ മനസ്സിലാക്കേണ്ടതുണ്ട്. അലക്സാണ്ടർ പ്രസ്സിന്റെ അഭിപ്രായത്തിൽ നിഗൂഢതകളെ ഒഴിപ്പിക്കുന്നതിനെയാണ് നാം 'വിശദീകരണം' അഥവാ 'എക്സ്പ്ലനേഷൻസ്' എന്നു വിളിക്കുന്നത്. ഒരു ഉൺമയുടെ (existence) നിലനിൽപിന് യാതൊരു കാരണവും പറയാനില്ലെങ്കിൽ പിന്നെ അത് നിഗൂഢതയാണ്. എന്നാൽ ആ ഉണ്മയുടെ നിലനിൽപിന് ഒരു വിശദീകരണം ലഭിക്കുന്നതോടെ നിഗൂഢത നീങ്ങുന്നു. X നെ Y കൊണ്ട് വിശദീകരിക്കാൻ കഴിയുകയോ X എന്നത്Y ക്ക് തുല്യമാണ് എന്ന് പറയുകയോ ചെയ്യുന്നതുകൊണ്ട് Xന്റെ നിലനിൽപിനെ വിശദീകരിക്കാൻ കഴിയുന്നു.

നിലനിൽക്കുന്ന ഒരു അസ്തിത്വത്തിന്റെ പ്രകൃതത്തെ വിശദീകരിക്കുന്നതിലൂടെ അതിന്റെ നിഗൂഢത ഇല്ലാതാകും. $H_2O$ ആണ് ജലം എന്ന പ്രൊപ്പോസിഷന്റെ കാര്യം നോക്കുക. $H_2O$ എന്ന അവസ്ഥയെ തന്നെ വിളിക്കുന്ന മറ്റൊരു പേരാണ് ജലം എന്ന് ഒരിക്കൽ മനസ്സിലാക്കിയാൽ അവിടെ അതിന്റെ പ്രകൃതത്തെ സംബന്ധിച്ച നിഗൂഢത ഇല്ലാതാകുന്നു. പിന്നെ എന്തുകൊണ്ട് $H_2O$ ജലം ആയിരിക്കുന്നു എന്ന് ചോദിക്കുന്നതിൽ അർഥമില്ല. എന്നതുപോലെ അനിവാര്യമായും നിലനിൽക്കൽ ഒരു ഉണ്മയുടെ പ്രകൃതമാണ് എന്നതുതന്നെ അതിനും മതിയായ വിശദീകരണമാണ്. പിന്നെ അത് എന്തുകൊണ്ട് നിലനിൽക്കുന്നുവെന്ന് ചോദിക്കുന്നതിൽ അർഥമില്ല. ഈ അർഥത്തിൽ അനിവാര്യഹേതുവിന്റെ (necessary being) നിലനിൽപ് സെൽഫ് എക്സ്പ്ലനേററി ആണെന്ന് പറയാം.

ഇനി അത്തരമൊരു അസ്തിത്വം നിലനിൽക്കുന്നുവെന്ന് വാദിക്കാനാകുമോ എന്നത് മാത്രമാണ് അവശേഷിക്കുന്ന ചോദ്യം. എന്തെങ്കിലുമൊക്കെ നിലനിൽക്കുന്നുവെന്ന് അംഗീകരിക്കാത്ത ആരുമില്ലല്ലോ. സ്വയം നിലനിൽപുള്ള ഒന്നില്ലാതെ ഒരു ലോകത്തിനും നിലനിൽപില്ല. മറ്റൊന്നിനെ ആശ്രയിച്ചു മാത്രം നിലനിൽപുള്ളവകൊണ്ട് ഈ ലോകത്തിന് നിലനിൽക്കാനാവില്ല. ആയതിനാൽ സർവതും ആശ്രയിക്കുന്ന, സ്വയം നിലനിൽക്കൽ അനിവാര്യമായ ഒരു അസ്തിത്വം നിലനിൽക്കേണ്ടതുണ്ട്.

### അനിവാര്യ കാരണത്തെ തെളിയിക്കുന്നു

ഫിലോസഫറായ അലക്സാണ്ടർ പ്രസിന്റെ അഭിപ്രായം principle of sufficient reason (psr) അംഗീകരിക്കുന്ന ഏതൊരു മനുഷ്യനും അനിവാര്യമായ ഒരു അസ്തിത്വത്തെയും അംഗീകരിക്കേണ്ടതായിവരുമെന്നാണ്. അഥവാ ഭൗതികമായ ഒന്നും സ്വയം വിശദീകരണാത്മകതയില്ലാത്തവയും മറ്റൊന്നിനെ ആശ്രയിച്ചു മാത്രം നിലനിൽപ്പുള്ളവയുമാണ്. എങ്കിൽ psr അനുസരിച്ച് അത്തരം ഭൗതികമായവയ്ക്കെല്ലാമുള്ള വിശദീകരണമെന്നോണം അനിവാര്യമായതെന്തോ നിലനിന്നിരിക്കണം. മുകളിൽ psrനെ നിഷേധിക്കാൻ യാതൊരു ന്യായവുമില്ലെന്നും psr അനുസരിച്ചാണ് ഭൗതിക ലോകത്തിന് നിലനിൽപ്പുള്ളതെന്നും ഒരുപാട് വാദങ്ങൾവഴി നാം തെളിയിച്ചതാണ്. ആയതിനാൽ psrനെ നിഷേധിക്കാൻ മനുഷ്യന് യാതൊരു ന്യായവുമില്ല. അതിനെ അംഗീകരിച്ചുകഴിഞ്ഞാൽ കണ്ടിൻജന്റ് ആയ പ്രപഞ്ചത്തിന് ബാഹ്യ കാരണം ഉണ്ടെന്നുകൂടിയാണ് അംഗീകരിക്കേണ്ടിവരുന്നത്.

കണ്ടിൻജൻസി ആർഗ്യുമെന്റ് ഉപയോഗിച്ച് ദൈവത്തെ സ്ഥാപിക്കുന്നതിനുള്ള ആദ്യപടിയാണ് ഒരു അനിവാര്യകാരണം നിലനിന്നിരിക്കണം എന്ന് സ്ഥാപിക്കുന്നത്. സ്വയം നിലനിൽപുള്ള അനിവാര്യമായ ആ അസ്തിത്വം ദൈവമായിരിക്കേണ്ടതുണ്ട് എന്നു സ്ഥാപിക്കുന്നത് അതിന്റെ രണ്ടാമത്തെ ഭാഗമായാണ്. ആയതിനാൽ ഈ ചർച്ചയുടെ ഒന്നാമത്തെ സ്റ്റേജിൽ പല യുക്തികൾ ഉപയോഗിച്ച് വ്യത്യസ്ത തത്ത്വചിന്തകർ ഒരു നെസസ്സറി ബീയിങ്ങിനെ സ്ഥാപിക്കുന്നത് നോക്കാം.

### (A) ലബനീസിയൻ കണ്ടിൻജൻസി ആർഗ്യുമെന്റ് (അലക്സാണ്ടർ പ്രസ്സ് വേർഷൻ)

1) Every contingent fact has an explanation (കണ്ടിൻജന്റായ എല്ലാ വസ്തുതകൾക്കും ബാഹ്യകാരണം ഉണ്ട്).
2) There is a contingent fact that includes all other contingent facts (എല്ലാ കണ്ടിൻജന്റ് ആയ അസ്തിത്വങ്ങളും ചേർന്നാൽ ഉണ്ടാകുന്നതും ഒരു കണ്ടിൻജന്റ് ആയ അവസ്ഥയാണ്. കണ്ടിൻജന്റായവയെല്ലാം ഉൾക്കൊള്ളുന്ന ആ സെറ്റിന്റെ നിലനിൽപ്പിന് അവയ്ക്കകത്ത് വിശദീകരണമില്ല).
3) Therefore there is an explanation of this fact (ആയതിനാൽ ഇവയുടെ നിലനിൽപ്പിനു ബാഹ്യമായ വിശദീകരണം വേണ്ടതായുണ്ട്)
4) This explanation cannot itself be a contingent fact (ഈ വിശദീകരണം ഒരിക്കലും സ്വയം ഒരു കണ്ടിൻജന്റ് ഉണ്മയാവാൻ പാടില്ല. കാരണം മറ്റൊന്നിനെ ആശ്രയിച്ച് മാത്രമാണ് ഇവയ്ക്ക് നിലനിൽപുള്ളത്. ആയതിനാൽ കണ്ടിൻജന്റ് ആയവയ്ക്കെല്ലാമുള്ള വിശദീകരണം കണ്ടിൻജന്റ് എന്ന പ്രകൃതത്തിന് പുറത്തുള്ളതാവണം.
5) So the explanation of all contingent facts is a necessary being (ആയതിനാൽ കണ്ടിൻജന്റ് ആയവയ്ക്കെല്ലാമായുള്ള വിശദീകരണം ഒരു necessary being-അനിവാര്യ കാരണം- ആണ്).

> എല്ലാ കണ്ടിൻജന്റ് ആയ അസ്തിത്വങ്ങളും ചേർന്നാൽ ഉണ്ടാകുന്നതും ഒരു കണ്ടിൻജന്റ് ആയ അവസ്ഥയാണ്. കണ്ടിൻജന്റായവയെല്ലാം ഉൾക്കൊള്ളുന്ന ആ സെറ്റിന്റെ നിലനിൽപ്പിന് അവയ്ക്കകത്ത് വിശദീകരണമില്ല

### (B) കണ്ടിൻജൻസി ആർഗ്യുമെന്റ് (ഡോ. റോബർട്ട് കൂൺസ്-1)

1) Only actual existing things can be causes or effects (യഥാർഥത്തിൽ നിലനിൽക്കുന്ന ഉണ്മകൾക്ക് മാത്രമെ കാര്യകാരണങ്ങൾ ആകാൻ കഴിയൂ. ഒരു കല്ലു തട്ടി കണ്ണാടി ഉടയുമ്പോൾ കല്ല് കണ്ണാടി ഉടയാനുള്ള കാരണവും, അത് ഉടയുന്നത് ഫലവും (effect) ആണ്. യഥാർഥമായി നിലനിൽക്കുന്നതുകൊണ്ട് മാത്രമാണ് ഇവയ്ക്ക് കാര്യകാരണങ്ങൾ (cause and effects) ആകാൻ കഴിയുന്നത്).



2) A cause and its effect must be distinct (കാരണവും അതുമൂലമുണ്ടായ എഫക്റ്റും എപ്പോഴും വ്യത്യസ്ത ങ്ങളായിരിക്കും; കല്ലും ഉടയപ്പെടുന്ന കണ്ണാടിയും വെവ്വേറെയാണെന്ന് പറയുന്നപോലെ).
3) Every wholly contingent thing has a cause (കണ്ടിൻ ജന്റായവയ്ക്കെല്ലാം അതിൽനിന്നും വ്യത്യസ്തമായ ഒരു കാരണം ഉണ്ടാകണം, അഥവാ ഒരു അനിവാര്യ കാരണം ഉണ്ടാകണം).

### (C) കണ്ടിൻജൻസി ആർഗ്യുമെന്റ് (കൂൺസ്-2)

1) There are contingent things (കണ്ടിൻജന്റായ ഉണ്മ കൾ നിലനിൽക്കുന്നുണ്ട്).
2) The Cosmos is the sum of all wholly contingent things (കോസ്മോസ് എന്നത് കണ്ടിൻജന്റായ ഉൺമകളെ ല്ലാം ചേർന്നവയുടെ ആകെത്തുകയാണ്).
3) The sum of all wholly contingent things is a wholly contingent thing (കണ്ടിൻജന്റ് ചേർന്നുണ്ടായതെന്തും പൂർണമായും കണ്ടിൻജന്റ് തന്നെയാണ്).
4) So the Cosmos is a wholly contingent thing (ആയ തിനാൽ കോസ്മോസ് തന്നെയും പൂർണമായും കണ്ടിൻജന്റാണ്).
5) Each wholly contingent thing has a cause (കണ്ടിൻ ജന്റായ എന്തിനും ഒരു ബാഹ്യകാരണമുണ്ട്).
6) So the Cosmos has a cause that is not a contingent thing (ആയതിനാൽ ഈ കോസ്മോസിന് ഒരു കണ്ടിൻ ജന്റ് അല്ലാത്ത ബാഹ്യകാരണമുണ്ട്, ഒരു അനിവാര്യ കാരണമുണ്ട്).

### (D) തോമസ് ആകിനാസിന്റെ വാദം


1) Whatever was contingent at one time did not exist (കണ്ടിൻജന്റായവ ഒരു സമയത്ത് നിലനിൽപ്പില്ലാത്ത വയായിരുന്നു).
2) If everything is contingent then at one time nothing existed (സർവതും കണ്ടിൻജന്റ് ആണെങ്കിൽ ഒരു സമയത്ത് ഇവയൊന്നുംതന്നെ നിലനിന്നിരിക്കില്ല).
3) If at one time nothing existed then nothing would exist now (ഒരു സമയത്ത് ഒന്നും നിലനിന്നിരുന്നില്ല എങ്കിൽ ഇപ്പോഴും ഒന്നും നിലനിൽക്കുക സാധ്യമ ല്ല. കാരണം ഒന്നുമില്ലായ്മയിൽനിന്നും ഒന്നും ഉണ്ടാ കുക സാധ്യമല്ല).
4) Something does exist now (എന്നാൽ ഇപ്പോൾ ചി ലതെല്ലാം നിലനിൽക്കുന്നുണ്ട്).
5) So not every being is contingent (ആയതിനാൽ കണ്ടിൻജന്റ് ആയവ മാത്രമെ നിലനിൽക്കുന്നുള്ളൂ എന്ന വാദം തെറ്റാണ്).
6) So there is a necessary being (ആയതിനാൽ അനി വാര്യമായ ഒരു അസ്തിത്വമു ണ്ട്. കണ്ടിൻജന്റ് അല്ലാത്ത, കോൺക്രീറ്റ് ആയ ഒന്ന് അനി വാര്യമായി ഉണ്ടെങ്കിൽ അത് necessary being ഉണ്ടെന്ന് തെ ളിയിക്കുന്നു).

### (E) സാമുവൽ ക്ലർക്കിന്റെ വാദം

1) There are dependent beings (ആശ്രിതമായവ നിലനിൽക്കു ന്നുണ്ട്. മറ്റൊന്നിനെ കാരണ മായും ആശ്രയിച്ചും മാത്രമാ ണ് ഇവയുടെ നിലനിൽപ്പ്).
2) For any dependent being it either depends on itself or it depends on another for existence (ആശ്രിതമായവ നി ലനിൽക്കാൻ സ്വയം ആശ്രയി ക്കപ്പെടുകയോ മറ്റൊന്നിനെ ആശ്രയിക്കുകയോ മാത്രമാ ണ് സാധ്യത).
3) Nothing can depend on itself (ഒന്നിനും സ്വയം ആശ്രയിച്ച് സ്വന്തം ഉണ്മയെ സൃഷ്ടിക്കാ നാവില്ല. ഒരു വ്യക്തിക്ക് സ്വന്ത ത്തെതന്നെ പ്രസവിക്കാനാവി ല്ല എന്ന് പറയുന്നതുപോലെ).
4) So all dependent beings depends on another (ആയ തിനാൽ ആശ്രയിക്കപ്പെടു ന്നവയൊന്നും സ്വയം ഉണ്മ (existence) ഉള്ളവയല്ല, മറ്റൊ ന്നിനെ ആശ്രയിച്ച് മാത്രം അസ്തിത്വവും സ്വഭാവവും നേ ടിയവയാണ്.
5) The series of beings which depends on another Can't be infinite (മറ്റൊന്നിനെ ആശ്ര യിച്ച് നിലനിൽക്കുന്നവയുടെ ശൃംഖല അനന്തതയിലേക്ക് നീളുക സാധ്യമല്ല. ഉദാഹ രണത്തിന് 'A' ക്ക് നിലനിൽ ക്കാൻ 'B' യെ ആശ്രയിക്കേ ണ്ടി വരുന്നു എന്ന് കരുതുക. Bക്ക് നിലനിൽക്കാൻ Cയെയും C ക്ക് Dയെയും Dക്ക് Eയെയും

F, G, H, I, J, K... എന്നിങ്ങനെ ആശ്രയിക്കപ്പെടുന്നവയുടെ ശൃംഖല അനന്തതയിലേക്ക് നീളുന്നു എന്നും കരുതുക. ഇങ്ങനെ അനന്തമായ അത്രയും കാര്യങ്ങളെ ആശ്രയിച്ച് A ക്ക് നിലനിൽക്കുക സാധ്യമല്ല. കാരണം A ഉണ്ടാകാൻ അനന്തമായ അത്രയും കാര്യങ്ങൾ സംഭവിച്ചുതീരണം. എന്നാൽ അനന്തത അവസാനിക്കില്ല എന്നതുകൊണ്ട് ഇത് സാധ്യമല്ല. ഉദാഹരണത്തിന് നിങ്ങൾക്ക് 10 രൂപ വേണമെന്ന് കരുതുക. 10 രൂപയ്ക്കായി നിങ്ങൾ നിങ്ങളുടെ സുഹൃത്തിനോട് ചോദിക്കുന്നു. സുഹൃത്തിന്റെ കൈയിൽ ഇല്ലാത്തതിനാൽ A എന്ന സുഹൃത്ത് B യോടും B എന്നയാൾ C യോടും C, D, E, F... ഈ ശൃംഖല അനന്തതയിലേക്കു നീളുന്നുവെന്നു കരുതുക. ഈ സാഹചര്യത്തിൽ നിങ്ങൾക്ക് ഒരിക്കലും 10 രൂപ ലഭിക്കില്ല. ഇതുപോലെ തന്നെയാണ് അനന്തമായ കാര്യങ്ങളെ ആശ്രയിച്ച് ഒരു കാര്യത്തിന് സംഭവിക്കാൻ കഴിയാത്തതും. (If the series of being which depend on another can't be

അനന്തമല്ല എന്ന് പറഞ്ഞാൽ അതിന് ആരംഭമുണ്ട് എന്നാണ് അർഥം. അപ്പോൾ മറ്റൊന്നിനെ ആശ്രയിച്ച് നിലനിൽക്കുന്നവയ്ക്കെല്ലാം ആരംഭമുണ്ട്. അതിനർഥം dependent ആയവയുടെ കൂട്ടം മറ്റൊന്നിനെ ആശ്രയിക്കാത്ത അടിസ്ഥാന കാരണത്തിൽ എത്തിനിൽക്കുന്നു എന്നാണ്. ആയതിനാൽ സ്വയം നിലനിൽക്കുന്ന, പരാശ്രയ മുക്തമായ, സർവതിന്റെയും നിലനിൽപ്പിന് കാരണമായ ആദ്യവും അനിവാര്യമായ ഒരു കാരണം ഉണ്ടെന്നാണ്.



infinite then the series of beings which depend on another must ultimately depend on an independent being).

നിലനിൽപ്പിന് മറ്റൊന്നിനെ ആശ്രയിച്ച് നിലനിൽക്കുന്നവയുടെ അനന്തമായ ശൃംഖല സാധ്യമല്ലെന്ന് നാം കണ്ടു. ഒന്ന് അനന്തമല്ല എന്ന് പറഞ്ഞാൽ അതിന് ആരംഭമുണ്ട് എന്നാണ് അർഥം. അപ്പോൾ മറ്റൊന്നിനെ ആശ്രയിച്ച് നിലനിൽക്കുന്നവയ്ക്കെല്ലാം ആരംഭമുണ്ട്. അതിനർഥം dependent ആയവയുടെ കൂട്ടം മറ്റൊന്നിനെ ആശ്രയിക്കാത്ത അടിസ്ഥാന കാരണത്തിൽ എത്തിനിൽക്കുന്നു എന്നാണ്. ആയതിനാൽ സ്വയം നിലനിൽക്കുന്ന, പരാശ്രയ മുക്തമായ, സർവതിന്റെയും നിലനിൽപ്പിന് കാരണമായ ആദ്യവും അനിവാര്യമായ ഒരു കാരണം ഉണ്ടെന്നാണ്.

**(F) ഗേൽ, അലക്സാണ്ടർ പ്രസ്സ് എന്നിവരുടെ വാദം**

1) All The contingently True prepositions in the actual world is a big conjunctive preposition (BCCP ). (നിലനിൽക്കുന്ന എല്ലാ കണ്ടിൻജന്റ് അസ്തിത്വങ്ങളെയും ചേർത്ത് BCCP (big conjunction of contingent facts) എന്നു വിളിക്കാം. കണ്ടിൻജന്റ് ആയവകളെല്ലാം ഉൾച്ചേർന്ന BCCP നിലനിൽക്കുന്നുണ്ട്).
2) Possibly there is a proposition Q that explains BCCP (കണ്ടിൻജന്റ് ആയതിനെയെല്ലാം വിശദീകരിക്കാൻ ഒരു അസ്തിത്വം നിലനിന്നിരിക്കണം. ഇതിനെ Q എന്ന് വിളിക്കാം).
3) Q explain B.C.C.P only if it involves a necessary being (കണ്ടിൻജന്റ് ആയവകൾക്കെല്ലാം വിശദീകരണമായി നിലനിൽക്കുന്നത് ഒരിക്കലും കണ്ടിൻജന്റ് ആവുക സാധ്യമല്ല. കാര്യകാരണശക്തിയുള്ള കണ്ടിൻജന്റ് അല്ലാത്ത ഒന്ന് പിന്നെ necessary being ആണ്).
4) So there is a necessary being in Q (ആയതിനാൽ Qവിൽ necessary being നിലനിൽക്കുന്നു).

സിയാദ് അൽഹികമി

# അഭിപ്രായഭിന്നതകളുടെ പേരിൽ മാറിനിൽക്കുകയോ?

'നാലു പണ്ഡിതന്മാർ കൂടിയാൽ പത്ത് അഭിപ്രായമാ,' 'അവരുടെ കൂട്ടത്തിലൊന്നും കൂടാൻ കഴിയില്ല, എപ്പോഴാ അടുത്ത ഭിന്നിപ്പ് വരിക എന്നത് പറയാൻ കഴിയില്ല...' ഇങ്ങനെ പറയുന്ന പലരുമുണ്ട്. മുസ്‌ലിംകൾക്കിടയിലെ ഭിന്നതകൾ ചൂണ്ടിക്കാട്ടിയാണ് ഇങ്ങനെ പറയാറുള്ളത്. ഇങ്ങനെയുള്ള ചിന്തകളും ആശങ്കകളുമായി നടക്കുന്നത് ശരിയല്ല. അത് സ്വയം വഴികേടിന്റെ പാത തുറക്കലാണ്. മനുഷ്യരെല്ലാം ഒരേപോലെ ചിന്തിക്കുന്നവരും ഒരേ സ്വഭാവക്കാരുമല്ല. ഭിന്നാഭിപ്രായങ്ങൾ സ്വാഭാവികമാണ്. പ്രവാചകന്മാരുടെ കാലഘട്ടത്തിൽതന്നെ ഭിന്നിച്ചവരുണ്ട്. പ്രവാചകന്മാർക്കു ശേഷം ഭിന്നിച്ചുപോയവരുണ്ട്. ഇന്ന് ലോകത്തു കാണുന്ന സർവമനുഷ്യരുടെയും ആദിമാതാപിതാക്കൾ ആദമും ഹവ്വയുമാണല്ലോ. തലമുറ തലമുറകളായി മാനവസമൂഹം ലോകത്ത് വ്യാപിച്ചു. ഭിന്നിപ്പുകൾ ഉടലെടുത്തു. അല്ലാഹു പറയുന്നു:

"മനുഷ്യർ ഒരൊറ്റ സമൂഹം മാത്രമായിരുന്നു. എന്നിട്ടവർ ഭിന്നിച്ചിരിക്കുകയാണ്. നിന്റെ രക്ഷിതാവിങ്കൽനിന്ന് ഒരു വചനം മുൻകൂട്ടി ഉണ്ടായിരുന്നില്ലെങ്കിൽ അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ അവർക്കിടയിൽ (ഇതിനകം) തീർപ്പുകൽപിക്കപ്പെട്ടിരുന്നേനെ" (ക്വുർആൻ 10:19).

"നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. (എന്നാൽ) അവർ ഭിന്നിച്ചുകൊണ്ടേയിരിക്കുകയാണ്" (ക്വുർആൻ 11:118).

ഈ സൂക്തങ്ങൾ മനസ്സിലാക്കിത്തരുന്നത് മനുഷ്യർക്കിടയിലുള്ള ഭിന്നതകൾ അവരുടെ പ്രകൃതിയിൽ പെട്ടതാണ് എന്നാണ്. അല്ലാഹുവിന്റെ തീരുമാനപ്രകാരമല്ലാതെ ഒന്നും സംഭവിക്കുന്നില്ല. കാലം കഴിയുന്തോറും മനുഷ്യർ ഭിന്നിച്ചുകൊണ്ടേയിരിക്കും. ഇത് തിരിച്ചറിയുമ്പോഴാണ് ഇത്തരം സാഹചര്യങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണം എന്നു മനസ്സിലാവുക.

ബനൂ ഇസ്‌റാഈല്യരെ അല്ലാഹു ശപിച്ചതിനുശേഷം അവരെ പല സംഘങ്ങളാക്കി അല്ലാഹു ഭിന്നിപ്പിച്ചു: "ഭൂമിയിൽ അവരെ നാം പല സമൂഹങ്ങളായി പിരിക്കുകയും ചെയ്തിരിക്കുന്നു. അവരുടെ കൂട്ടത്തിൽ സദ്‌വൃത്തരുണ്ട്. അതിന് താഴെയുള്ളവരും അവരിലുണ്ട്. അവർ മടങ്ങേണ്ടതിനായി നാം അവരെ നന്മകൾകൊണ്ടും തിന്മകൾകൊണ്ടും പരീക്ഷിക്കുകയുണ്ടായി" (ക്വുർആൻ 7:169).

മനുഷ്യരെ പരീക്ഷിക്കുവാൻ വേണ്ടിയാണ് അല്ലാഹു ഇപ്രകാരം ചെയ്യുന്നതെന്ന് ഈ സൂക്തം മനസ്സിലാക്കിത്തരുന്നു. അല്ലായിരുന്നുവെങ്കിൽ അല്ലാഹു, ജനങ്ങൾ ഭിന്നിച്ചിരിക്കുന്ന വിഷയങ്ങളിൽ ഭൂമിയിൽവച്ചുതന്നെ തീർപ്പുകൽപിക്കുമായിരുന്നു.

അല്ലാഹുവിന്റെ തീരുമാനപ്രകാരം ഭിന്നിച്ചിരിക്കുന്ന വിഷയങ്ങളിൽ നന്മയും തിന്മയും വേർതിരിക്കുന്നത് അന്ത്യനാളിൽ മാത്രമാണ്. ലോകാവസാനംവരെ മനുഷ്യർ ഭിന്നിച്ചുകൊണ്ടിരിക്കും എന്നത് യാഥാർഥ്യമാണ്. അതിനാൽ പരീക്ഷണാർഥം നിശ്ചയിച്ചിട്ടുള്ള ഈ ലോകക്രമത്തെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട് പോകാനാണ് നമ്മൾ ശ്രമിക്കേണ്ടത്. ഭിന്നതയുടെ പേരിൽ പ്രബോധന മേഖലകളിൽനിന്നോ കൂട്ടായ്മകളിൽനിന്നോ വിട്ടുനിൽക്കുകയല്ല വേണ്ടത്, വിഷയങ്ങൾ പഠിച്ച് ശരിയുടെ പക്ഷക്കാർക്കൊപ്പം നിൽക്കാനാണ് പഠിപ്പിക്കപ്പെട്ടിട്ടുള്ളത്. ഹുദൈഫ(റ)യോട് നബി(സ്വ) അവസാനകാലത്ത് ഉണ്ടാകാൻ പോകുന്ന കുഴപ്പങ്ങളെക്കുറിച്ചും ഭിന്നിപ്പുകളെക്കുറിച്ചും ചോദിച്ചപ്പോൾ അവിടുന്ന് നൽകിയ മറുപടി 'മുസ്‌ലിംകളുടെ ജമാഅത്തിനെ പിൻപറ്റുവാനും അവരുടെ ഇമാമിനെ അനുസരിക്കാനു'മാണ് (ബുഖാരി, മുസ്‌ലിം).

ഭിന്നാഭിപ്രായങ്ങൾ സ്വാഭാവികമായും ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ നേരിടേണ്ടിവരുന്നതാണ്. ദഅ്‌വത്തിന്റെ കൂട്ടായ്മകളിൽനിന്ന് വിട്ടുനിൽക്കൽ ഒരു പൈശാചിക ദുർബോധനത്തിന്റെ ഫലമാണ് എന്ന തിരിച്ചറിവും നമുക്കുണ്ടാകണം. ■

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
9447 701 741

ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 49

# പടച്ചവൻ ഖാദിയാനിലോ?



### ഞാൻ ഈശോയുടെ കൂടെ

ഖാദിയാനി പ്രവാചകന്റെ ഒരു ദുരവസ്ഥ കാണുക: "അച്ചടിച്ച ഒരു കടലാസിലാണ് ഇംഗ്ലീഷിലുള്ള വഹ്‌യ്: 'I am with Isa.' ഞാൻ ഇംഗ്ലീഷ് അറിയുന്ന ആളെ തേടിപ്പുറപ്പെട്ടു. രണ്ടു ഹിന്ദു ആര്യന്മാരോട് ചോദിച്ചു. അവരിൽ ആരോ ഒരാൾ പറഞ്ഞു: 'ക്രിസ്ത്യാനികളെപ്പോലെ ഇസ്‌ലാമിനെതിരെ ആരോപണങ്ങൾ അച്ചടിച്ച് അയക്കും എന്നാണ് ഇതിന്റെ പൊരുൾ" (പേജ് 51).

'വഹ്‌യ്' നൽകിയവനെക്കാളും ലഭിച്ചവനെക്കാളും മഹാവിദ്വാൻ തന്നെ ഈ ആര്യൻ! ഇതിന്റെ പൊരുൾ വളരെ ഭംഗിയായി പറയാൻ കഴിഞ്ഞല്ലോ! മിർസാ ഖാദിയാനി കൊടുത്ത അർഥം 'ഞാൻ ഈസയുടെ കൂടെയാണ്' എന്നത്രെ. 1883ലോ അതിനുമുമ്പോ ആണ് ഇത് അവതരിപ്പിച്ചത് എന്ന് തദ്കിറ ക്രോഡീകരിച്ചയാൾ മാർജിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അല്ലാഹു നിയോഗിച്ച ഒരു പ്രവാചകനും തനിക്കു ലഭിച്ച വഹ്‌യിന്റെ അർഥം തേടി ആളുകളുടെ പിന്നാലെ നടന്നിട്ടില്ല. മാതൃഭാഷയിലല്ലാതെ ആർക്കും വഹ്‌യ് ലഭിച്ചിട്ടുമില്ല. ഖാദിയാനി പ്രവാചകൻ വ്യാജനാണെന്നതിന് തെളിവായി ഇതുതന്നെ മതി.

### പേടിസ്വപ്നം

ഖാദിയാനി പ്രവാചകൻ തന്റെ അനുയായി ചൗധരി റുസ്തം അലിക്കെഴുതിയ കത്ത് തദ്കിറയിൽ കാണാം: "1888 ഫെബ്രുവരി 13നും 14നും ഇടയിലെ രാത്രി താങ്കളെ സംബന്ധിച്ച് രണ്ട് ഭയാനകമായ സ്വപ്നങ്ങൾ ഞാൻ കണ്ടു. ഞാനാകെ പ്രയാസത്തിലും വിഷമത്തിലും അങ്ങേയറ്റം ആശങ്കയിലും വിഹ്വലതയിലും അകപ്പെട്ടു. അങ്ങനെ ഒന്ന് മയങ്ങിയപ്പോൾ ഒരു ഇൽഹാം അവതരിച്ചു. പക്ഷേ, എനിക്കത് ഓർമയില്ല. ഇന്നലെ ഒരു കത്തിലൂടെ സുന്ദർ ദാസിന്റെ മരണവി

വരം അറിഞ്ഞു. 'ഇന്നാലില്ലാഹി...' സ്വപ്നത്തിൽ സൂചിപ്പിച്ച ദുഃഖം അതാണെന്ന് മനസ്സിലാവുന്നു." (പേജ് 121)

ഭീതിജനകമായ രണ്ട് സ്വപ്നങ്ങൾ എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. ഇൽഹാമാണെങ്കിൽ ഓർമയും ഇല്ല. പക്ഷെ, ഒരു കാര്യം വ്യക്തമാണ്. സ്വപ്നങ്ങളും ഇൽഹാമും റുസ്തം അലിയെപ്പറ്റിയാണെന്ന് കത്തിലുണ്ട്. അയാളുടെ ആരുമല്ലാത്ത സുന്ദർദാസിന്റെ മരണവുമായി ബന്ധപ്പെടുത്തി, ഇതാണ് ദുഃഖകാരണം എന്ന് സമ്മതിച്ചുകൊടുക്കാനാവുമോ? അയാളൊരു മുസ്‌ലിമായിരുന്നെങ്കിൽ റുസ്തം അലിയുടെ ബന്ധുവായ ആരെങ്കിലുമാണെന്നും അയാളുടെ മരണത്തിൽ ദുഃഖിക്കുക സ്വാഭാവികമാണെന്നും അനുയായികൾക്ക് പറഞ്ഞു നിൽക്കാമായിരുന്നു. എന്നാലും ഒരു പ്രശ്നം ബാക്കി നിൽക്കും. ദുഃഖവും ആശങ്കയും ഉണ്ടാവുക സ്വപ്നം കണ്ട ആൾക്ക് ആവില്ലല്ലോ, കത്ത് ലഭിക്കുന്ന റുസ്തം അലിക്കായിരിക്കില്ലേ? ഇനി സുന്ദർദാസിന്റെ മരണമാണ് ഭീകരസ്വപ്നത്തിന്റെ പുലർച്ചയെങ്കിൽ, മരിക്കാൻ പാടില്ലാത്ത ചിരഞ്ജീവി ആയിരുന്നുവോ അയാൾ?

ഒരുവിധം വെളിവുള്ളവരൊക്കെ 'പ്രവാചകന്റെ' ഇത്തരം കത്ത് കിട്ടുന്നതോടെ അയാളുടെ ശിഷ്യത്വം ഒഴിവാക്കിയതാണ് ചരിത്രം. മീർ അബ്ബാസ് അലി ഷാ, ഡോ. അബ്ദുൽ ഹകീം ഖാൻ, ഇലാഹി ബക്ഷ് തുടങ്ങിയവരൊക്കെ ഉദാഹരണങ്ങളാണ്.

## പടച്ചവൻ ഖാദിയാനിലോ?

"ഈയിടെ എനിക്കൊരു ഇൽഹാം അവതരിച്ചിരുന്നു: 'പടച്ചവൻ തന്റെ വാഗ്ദാനമനുസരിച്ച് ഖാദിയാനിൽ വരും.' പിന്നെ അറബിയിൽ പറഞ്ഞു: 'വിശ്വസിച്ചവരും സൽകർമങ്ങൾ പ്രവർത്തിക്കുന്നവരും ഒഴികെ" (പേജ് 358).

വാഗ്ദത്തം ചെയ്തിട്ടുണ്ടെങ്കിൽ ഏതായാലും പടച്ചവൻ വരുമെന്നു വിചാരിക്കാം. പക്ഷേ, പിന്നെ പറഞ്ഞതും അതും തമ്മിലുള്ള ബന്ധം മനസ്സിലാകുന്നില്ല.

## എങ്ങനെയാണ് മരിക്കുന്നത്?

"1905: ...എന്റെ ഒരു പിതൃവ്യൻ മരിച്ചുപോയിരുന്നു. ഞാൻ ഒരിക്കൽ സ്വപ്നലോകത്തുവച്ച് അദ്ദേഹത്തെ കണ്ടു. മറുലോകത്തിലെ സ്ഥിതിവിശേഷങ്ങൾ ചോദിച്ചു: 'എങ്ങനെയാണ് മനുഷ്യൻ മരണപ്പെടുന്നത്? എന്താണ് അപ്പോൾ സംഭവിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'വല്ലാത്ത അത്ഭുതകരമായ ദൃശ്യമാണത്. മനുഷ്യന്റെ അവസാന സമയമെത്തുമ്പോൾ ശുഭ്രവസ്ത്രധാരികളായ രണ്ട് മലക്കുകൾ മുമ്പിൽ വരുന്നു. എന്നിട്ട് പറയും: 'മൗലാ മതി! മതി മൗലാ'

ഈ അവസ്ഥയിൽ നമുക്ക് പ്രയോജനകരമായ ഒരു വസ്തു ഇടയ്ക്കുവച്ച് വിട്ടു പോകുമ്പോൾ 'മതി മൗലാ' എന്ന വാക്കുകൾ വളരെ അവസരോചിതമാണ്.

> അല്ലാഹു നിയോഗിച്ച ഒരു പ്രവാചകനും തനിക്കു ലഭിച്ച വഹ്‌യിന്റെ അർഥം തേടി ആളുകളുടെ പിന്നാലെ നടന്നിട്ടില്ല. മാതൃഭാഷയിലല്ലാതെ ആർക്കും വഹ്‌യ് ലഭിച്ചിട്ടുമില്ല. ഖാദിയാനി പ്രവാചകൻ വ്യാജനാണെന്നതിന് തെളിവായി ഇതുതന്നെ മതി.

'പിന്നെ അവർ അടുത്തുവന്ന് രണ്ട് വിരലുകൾ മൂക്കിനു മുമ്പിൽ വച്ചുകൊണ്ട് പറയുകയാണ്: 'അല്ലയോ ആത്മാവേ, ഏത് വഴിയിലൂടെയാണോ നീ വന്നിട്ടുള്ളത്, അതേ വഴിയിലൂടെ തിരിച്ചു പുറത്തേക്ക് പോവുക.'

വീണ്ടും അരുളി: 'നാസാരന്ധ്രങ്ങളിലൂടെയാണ് ആത്മാവ് ഉള്ളിലേക്ക് പ്രവേശിക്കുന്നത്. അതേ വഴിയിലൂടെ തന്നെയാണ് പുറത്തേക്ക് പോകുന്നതും എന്നാണ് പ്രകൃതി വസ്തുതകൾ തെളിയിക്കുന്നത്. ഇതുതന്നെയാണ് തോറയിൽനിന്നും മനസ്സിലാകുന്നത്.' 'അത്ഭുതങ്ങളുടെ ഈ ലോകം രഹസ്യങ്ങളുടെയും ലോകമാണ്. മനുഷ്യന് തന്റെ ജീവിതകാലത്ത് ഒരിക്കലും അത് പൂർണമായി മനസ്സിലാക്കാനാവില്ല"(പേജ് 492).

മേൽ ശീർഷകം മുതൽ വളരെ ആകാംക്ഷയോടെയായിരിക്കും നിങ്ങൾ വായന തുടങ്ങിയത്. അഭിനവ കാലഘട്ടത്തിൽ നിയുക്തനായ 'പ്രവാചകൻ' 'മൂക്കിലൂടെ ശരീരത്തിൽ കയറിയ ആത്മാവ് മൂക്കിലൂടെ തന്നെ തിരിച്ചു പോകുന്നു' എന്ന മരണത്തിന്റെ 'അതീവ നിഗൂഢ രഹസ്യം' മരിച്ച പിതൃവ്യന്റെ സ്വപ്നദർശനത്തിലൂടെ ജനങ്ങളെ അറിയിക്കുകയാണ്! ■

നാസർ അടുമാറി, ഐക്കരപ്പടി
: 85474 11657



# നിറമില്ലാത്തവൻ!

പിറന്നപ്പോൾതന്നെ പേരിട്ടു;
'നിറമില്ലാത്തവൻ!'
പിന്നെപ്പിന്നെ പേരുകൾ
പലതായി
ദളിതൻ, ആദിവാസി, കാപ്പിരി...
സൗന്ദര്യസങ്കൽപത്തിൽ
ഈ നിറമില്ല.
അഭിസാരികയ്ക്കോ
ഈ നിറം മതി!
പാട്ടിലും ഏട്ടിലും നിറയും
ഈ നിറം.
അധികാരത്തിന്റെ അയലത്തില്ല,
വിമോചകന്റെ വാക്കിൽ
തൻ ലക്ഷ്യം നേടുംവരെ
ഈ നിറത്തിന് നിത്യവസന്തം!
അഭ്യസ്തവിദ്യന്റെ
തിസീസിൽ, ഉപന്യാസത്തിൽ
കുത്തിനിറച്ച ഈ നിറം
ഉൾബോധത്തിലെവിടെയുമില്ല
അശേഷം.
ഇവൻ
ലോകപോലീസിന്റെ
കാൽക്കീഴിൽ എരിഞ്ഞമരേണ്ടവൻ.
ഉന്നതവിദ്യയിൽ, ഗവേഷണത്തിൽ
പടിക്കു പുറത്തിരിക്കേണ്ടവൻ!
കളിമൈതാനിയിൽ
വിഷവാക്കിനാൽ
ഏറുകൊള്ളേണ്ടവൻ!
എല്ലാ മനസ്സിലും
ഇവന്റെ പേരുകൾ പതിപ്പിച്ചിട്ടുണ്ട്.
ഇവൻ
'മുഖ്യധാര'യിൽ വേണ്ട,
'തോട്ടി'പ്പണിക്ക് ഇവൻ മതി.
'ആന്റി ഹീറോ'യിൽ ഗംഭീരം.
അങ്ങനെയങ്ങനെ
'അരികി'ലാവേണ്ടവൻ!
ഞാനൊന്നുറപ്പിച്ചു;
ഈ വരികളിലെവിടെയും
നിറംചേർക്കില്ല,
എന്റെ മനസ്സിലും...


WISDOM BOOKS
പുറത്തിറങ്ങി..!!!
₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ
WISDOM BOOKS
ആരാധനകളുടെ ആത്മാവ്
ഇമാം ഇബ്നുൽ ഖയ്യിം
വിവ: ശമീർ മദീനി
WISDOM BOOKS
പ്രകാശം പരത്തിയ പ്രവാചകന്മാർ
ഭാഗം 5
الشيخ حسين السلفي
ഹുസൈൻ സലഫി
أُولَٰئِكَ الَّذِينَ هَدَى اللَّهُ ۖ فَبِهُدَاهُمُ اقْتَدِهْ
WISDOM BOOKS
വിശ്വാസത്തിന്റെ അടിത്തറകൾ
ഭാഗം 2
ഉമർ കോയ മദീനി
CALL: +91 7356 766 478
http://www.wisdombooksonline.com

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
17 FEBRUARY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# വ്യവസ്ഥാപിത മതപഠനത്തിന്റെ പത്ത് വർഷങ്ങൾ...!!

SCHOOL OF Qur'an | جامعة الهند الإسلامية JAMIA AL-HIND AL-ISLAMIYYA



## രജിസ്ട്രേഷൻ ആരംഭിച്ചു

### സവിശേഷതകൾ

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- 12 ഭാഷകളിലായി സൗജന്യ ക്വുർആൻ മൊബൈൽ ആപ്ലിക്കേഷൻ – നൂർ ആപ്പ്
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോ വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ
- കേരളത്തിലും തമിഴ്നാട്ടിലുമായി 40ൽ അധികം സെന്ററുകൾ

**കൂടുതൽ വിവരങ്ങൾക്ക്: +91 8606788882, 9072646000**
**സന്ദർശിക്കുക: www.schoolofquran.in**

- ☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- ☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ
- ☆ അപേക്ഷകർ മുകളിലുള്ള QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.

KASARAGODE: 8089192273 | KANHANGAD: 9605210101 | THALIPARMBA: 8606776770 | KINAVAKKAL: 99953 34766 | VADAKARA: 9995494598 | KAPPAD: 9846808230 | PARAPPANAGADI: 9544924596 | TIRUR: 9633099992 | THOTTASSERIYARA: 8606600555 | CHATTIPARAMBA: 9496526220 | KOTTAKKAL: 9995798755 | EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 9447926082 | VENGIDANGU: 9048869220 | MARANCHERY: 9946739215 KOLLAM: 80895 46729 | KAYAMKULAM: 89434 64478 | ATTINGAL: 9497714521 | KODUVAYUR: 9745287883 | KOLLAYIL: 9747258263 | OTHAYI : 9497 650100 PALAPPETTY : 9207942750 | KANNANALLOOR : 9961493999 | COIMBATORE: 9080475224 | ERODE: 9942958888 | SALEM : 9865167864 | METTUPALAYAM: 8300886551 | POLLACHI : 9940838413 | UDAMALPET : 9865051917

**Head Office:** Jamia Al-Hind Al-Islamiyya | Wadi Al Hikma | Jamia Campus | Mini Ootty | Oorakam Malappuram | Kerala | India | PIN 676519 | Mob: +91 8606788882 | WhatsApp: 9072646000
mail@schoolofquran.in www.schoolofquran.in